# ശ്രീ 'സി. മത്തായി' സ്മാരക പ്രഭാഷണം

1973

ശ്രീ എൻ. വി. കൃഷ്ണവാര്യർ

ബേക്കർ മെമ്മോറിയൽ ഹാൾ

കോട്ടയം

# വിദ്യാഭ്യാസം കേരളത്തിന്റെ അഞ്ചാം പഞ്ചവത്സരപദ്ധതിയിൽ

കേരളത്തിൽ ആധുനികരീതിയിലുള്ള സ്കൂൾവിദ്യാഭ്യാസസമ്പ്രദായത്തിന്റെ ശില്പികളിലൊരാളായ സി. മത്തായിയുടെ സ്മരണക്കുവേണ്ടി ഏർപ്പെടുത്തിയ പ്രഭാഷണപരമ്പര ഈയാണ്ടിൽ നിർവഹിക്കുന്നതിന് ക്ഷണിക്കപ്പെട്ടതു് അസുലഭമായ ഒരു ബഹുമതിയായി ഞാൻ കരുതുന്നു. ഈ പ്രഭാഷണപരമ്പര കഴിഞ്ഞ ആണ്ടിൽ എറണാകുളത്തു വച്ച് ഉദ്ഘാടനംചെയ്ത പ്രൊഫസ്സർ ജോസഫ് മുണ്ടശ്ശേരി തന്റെ ആദ്യത്തെ പ്രസംഗത്തിലൂടെ ചെയ്തതു് സി. മത്തായിയുടെ വ്യക്തിത്വവും സേവനങ്ങളും വിവരിക്കുകയായിരുന്നു. ഈ ശതാബ്ദത്തിന്റെ മൂന്നാം ദശകത്തിന്റെ അവസാനത്തിൽ, കൊച്ചിസംസ്ഥാനത്തു് ആദ്യമായിത്തുടങ്ങിയ സംസ്കൃതവിദ്യാലയങ്ങളിലൊന്നിൽ ഒരുച്ചയ്ക്കു് കയറിവന്ന മത്തായിഡയറക്ടറെ ആ വിദ്യാലയത്തിലെ വിദ്യാർത്ഥികളായിരുന്ന ഞങ്ങൾ അത്ഭുതാദരങ്ങളോടെ നോക്കി നിന്നതു് ഇപ്പോഴും എനിക്കോർമ്മയുണ്ടു്. കാക്കി കൊണ്ടുള്ള മുറിക്കാലുറയും വെളുത്ത ഷർട്ടും കറുത്ത കോട്ടും വെളുത്ത തലപ്പാവുമായി വിയർത്തൊലിച്ച് വന്നെത്തിയ ദീർഘകായനായ ഡയറക്ടർ സ്കൂളിൽ അപൂർവമായി മാത്രം ഉണ്ടായിരുന്ന ബെഞ്ചുകളിലൊന്നിൽ അമർന്നിരുന്നപ്പോൾ, ബെഞ്ച് ഒരു വിലാപശബ്ദത്തോടെ ഒരു വശത്തേക്ക് ചെരിഞ്ഞു വീഴാൻ തുടങ്ങിയതാണു് ഈ ഓർമ്മയിലെ പ്രമുഖഘടകം. സംസ്കൃതവിദ്യാലയങ്ങൾക്ക് ഏകീകൃതമായ ഒരു പാഠ്യപദ്ധതിയും അംഗീകാരവും എളിയ തോതിൽ സഹായധനവും നൽകുന്നതു സംബന്ധിച്ചായിരുന്നു ഡയറക്ടറുടെ ഈ അപ്രതീക്ഷിതസന്ദർശനം.

അധ്യാപകർക്ക് ഒരു തൊഴിൽസംഘടനയുണ്ടാകുന്നതിനായി ഡയറക്ടർ മത്തായി നൽകിയ പ്രോത്സാഹനങ്ങളെപ്പറ്റി പ്രൊഫസ്സർ മുണ്ടശ്ശേരി തന്റെ പ്രസംഗത്തിൽ വിശദമായി പ്രസ്താവിച്ചിരുന്നു. അങ്ങിനെ ഉണ്ടായ "കൊച്ചിൻ ടീച്ചേഴ്സ് അസോസിയേഷൻ" അഖിലേന്ത്യാ വിദ്യാഭ്യാസ സമ്മേളനത്തിന്റെ മാതൃകയിൽ നടത്തിയ രണ്ടു വാർഷികയോഗങ്ങളുടെ മങ്ങിയ ഓർമ്മ എനിക്കുണ്ടു്. ഈ അസോസിയേഷന്റെ വകയായി "ടീച്ചേഴ്സ് മാഗസിൻ" എന്ന ഒരു ഇംഗ്ലീഷ്-മലയാളം മാസികയും നടത്തി വന്നിരുന്നു. ടീച്ചേഴ്സ് അസോസിയേഷന്റെ പ്രവർത്തനം മന്ദീഭവിക്കുകയും, ആ സംഘടന ഏറെക്കുറെ നിരുപയോഗമാവുകയും ചെയ്ത കാലത്തു്, അന്ന് ഊർജ്ജസ്വലമായി പ്രവർത്തിച്ചിരുന്ന കൊച്ചി എയ്ഡഡ് പ്രൈമറി ടീച്ചേഴ്സ് അസോസിയേഷന്റെ (CAPTA) സഹായത്തോടെ അധ്യാപകരുടെ ഈ "പ്രൊഫഷണൽ" സംഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് ചെയ്ത ശ്രമത്തിൽ എനിക്കും എളിയ പങ്കുണ്ടായിരുന്നു. ഈ ശ്രമങ്ങളുടെ ഫലമായി പ്രൊഫസ്സർ മുണ്ടശ്ശേരി കൊച്ചിൻ ടീച്ചേഴ്സ് അസോസിയേഷന്റെ പ്രസിഡണ്ടായും ഞാൻ അതിന്റെ സിക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു.

ടീച്ചേഴ്സ് അസോസിയേഷന്റെ കൈകാര്യകർത്തൃത്വത്തിലായിരുന്ന മത്തായി സ്മാരകഫണ്ടിൽ നിന്നുള്ള വരുമാനമുപയോഗിച്ച് ചൊവ്വരയിൽ വെച്ച്, 1948-ലാണെന്നു തോന്നുന്നു, അധ്യാപകർക്ക് ഒരു വേനൽക്കാലക്യാമ്പ് ഞങ്ങൾ നടത്തുകയുണ്ടായി. എല്ലാ സ്കൂളുകളും വാങ്ങിയ കഴിയും എന്ന് വിദ്യാഭ്യാസവകുപ്പ് അനുശാസിച്ചിരുന്ന "ടീച്ചേഴ്സ് മാഗസിൻ" രണ്ടു കൊല്ലത്തിലേറെ ഞാനാണ് പ്രസിദ്ധീകരിച്ചത്. കൊച്ചിയും തിരുവിതാംകൂറും കൂടെ സംയോജിപ്പിക്കപ്പെട്ടതിനെത്തുടർന്ന്, "തിരുവിതാംകൂർ-കൊച്ചി ടീച്ചേഴ്സ് അസോസിയേഷൻ" എന്ന പേരിൽ പുനസ്സംഘടിപ്പിക്കുവാൻ ശ്രമമുണ്ടായെങ്കിലും, മാറിയ പരിതസ്ഥിതികളിൽ കൊച്ചിൻ ടീച്ചേഴ്സ് അസോസിയേഷന്റെ പ്രവർത്തനം നിലച്ചുപോവുകയാണുണ്ടായത്. ഇന്നിപ്പോൾ മത്തായിസ്മാരകഫണ്ടിന്റെ വരുമാനം അധ്യാപകസംഘടനകൾക്ക് വീണ്ടും ലഭിക്കാമെന്നായിട്ടുണ്ട്. വ്യത്യസ്തവിഭാഗങ്ങളിലായി വിഘടിച്ചു നിൽക്കുന്ന എല്ലാ അധ്യാപകരെയും ഏകോപിപ്പിച്ചുകൊണ്ടും, ട്രേഡ്‌യൂനിയൻ പ്രശ്നങ്ങൾക്കെന്ന പോലെ അധ്യാപകരുടെ തൊഴിൽപരമായ വൈദഗ്ധ്യം ഉയർത്തുകയെന്ന അക്കാദമിക് പ്രശ്നത്തിനു കൂടി പരിഗണന നൽകിക്കൊണ്ടും, പഴയ "കൊച്ചിൻ ടീച്ചേഴ്സ് അസോസിയേഷന്റെ" മാതൃകയിൽ ഒരു "കേരള അധ്യാപകസംഘം" രൂപവൽക്കരിച്ചു പ്രവർത്തിക്കുവാനുള്ള അവസരമായി എന്ന് എനിക്കു തോന്നുന്നു. വിദ്യാഭ്യാസപ്രശ്നങ്ങൾ അക്കാദമിക് തലത്തിൽ ചർച്ച ചെയ്യുന്നതിനായി "ടീച്ചേഴ്സ് മാഗസിൻ" പുനരുദ്ധരിക്കുന്നതും പ്രയോജനകരമായിരിക്കും. ഈ മാസികയ്ക്കു മുമ്പ് ലഭിച്ചിരുന്ന അംഗീകാരവും പ്രോത്സാഹനവും വിദ്യാഭ്യാസവകുപ്പിൽ നിന്ന് ലഭിക്കാതിരിക്കാൻ യാതൊരു കാരണവും ഞാൻ കാണുന്നില്ല. കേരളത്തിലെ അധ്യാപകപ്രസ്ഥാന നേതാക്കൾ ഈ പ്രശ്നങ്ങൾ ഗൗരവപൂർവം പരിഗണിക്കണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

## അധ്യാപകർക്കും വിദ്യാർഥികൾക്കും പങ്കില്ല

"വിദ്യാഭ്യാസം കേരളത്തിന്റെ അഞ്ചാം പഞ്ചവത്സരപദ്ധതിയിൽ" എന്നതാണ് ഇന്നത്തെ പ്രഭാഷണത്തിന് വിഷയമായി ഞാൻ തെരഞ്ഞെടുത്തിട്ടുള്ളത്. ജനാധിപത്യത്തിലൂടെ സാമ്പത്തിക വികസനം നേടുന്നതിനുള്ള തന്ത്രമെന്ന നിലയ്ക്കാണല്ലോ ആസൂത്രണത്തെ നാം വിഭാവനം ചെയ്യുന്നത്. എന്നാൽ ഇരുപത്തഞ്ചു കൊല്ലത്തെ ജനാധിപത്യത്തിനും ഇരുപതു കൊല്ലത്തെ ആസൂത്രണത്തിനും ശേഷവും പദ്ധതികൾ നിർമിക്കുന്നതിലോ നടപ്പിൽ വരുത്തുന്നതിലോ പറയത്തക്ക പങ്കോ, പങ്കുണ്ടാകണമെന്ന വിചാരമോ, ഇന്ത്യയിലെ പൊതുജനങ്ങൾക്കുണ്ടായിട്ടില്ല എന്നതാണ് പരിതാപകരമായ വാസ്തവം. ഉദാഹരണത്തിന് കേരളത്തിന്റെ അഞ്ചാം പഞ്ചവത്സരപദ്ധതിയെത്തന്നെയെടുക്കുക. 1974 മുതൽ 1979 വരെയുള്ള അഞ്ചു വർഷം കൊണ്ട് നടപ്പിൽ വരുത്തേണ്ട ഈ പദ്ധതിയുടെ കരട് ഏതാനും മാസങ്ങൾക്ക് മുമ്പ് കേരള സ്റ്റേറ്റ് പ്ലാനിങ് ബോർഡ് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുകയുണ്ടായി. 646 പേജുകളുള്ള ബൃഹത്തായ ഈ രേഖയിലെ 427 മുതൽ 466 വരെയുള്ള 39 പേജുകളാണ് വിദ്യാഭ്യാസത്തിനും സംസ്കാരത്തിനുമായി നീക്കി വച്ചിട്ടുള്ളത്. പൊതുവിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, സാങ്കേതികവിദ്യാഭ്യാസം, സംസ്ക്കാരം മുതലായ വിഭിന്നവിഷയങ്ങൾ ചർച്ച



ചെയ്തു നിർദേശങ്ങൾ നൽകുന്നതിന്നായി സർക്കാർ നോമിനേറ്റു ചെയ്തു സംഘടിപ്പിച്ച വർക്കിങ് ഗ്രൂപ്പുകൾ പദ്ധതിയുടെ പ്രസക്തഭാഗങ്ങൾ തയ്യാറാക്കുകയും ഒരു സ്റ്റിയറിങ് കമ്മിറ്റി ഈ ഭാഗങ്ങൾ പരിഗണിച്ചു സംയോജിപ്പിക്കുകയും ചെയ്യണമെന്നാണ് ഉദ്ദേശിക്കപ്പെട്ടിരുന്നതെങ്കിലും, സാങ്കേതികവിദ്യാഭ്യാസവും പൊതു വിദ്യാഭ്യാസവും സംബന്ധിച്ച വർക്കിങ് ഗ്രൂപ്പുകളൊഴിച്ച് മറ്റേതെങ്കിലും വർക്കിങ് ഗ്രൂപ്പ് അവരുടെ റിപ്പോർട്ടുകൾ തയ്യാറാക്കുകയുണ്ടായോ എന്നു സംശയമാണ്. സ്റ്റിയറിങ് കമ്മിറ്റിയാകട്ടെ ഒരിക്കലും യോഗം ചേരുകയുണ്ടായിട്ടില്ല എന്ന്, അതിൽ ഒരംഗമെന്ന നിലയിൽ, എനിക്ക് ഉറപ്പിച്ചു പറയുവാൻ കഴിയും.

അഞ്ചാം പഞ്ചവത്സരപദ്ധതിയിൽ വിദ്യാഭ്യാസത്തിന്റെ സ്ഥാനവും രൂപവും നിർണയിക്കുന്നതിന്ന് സംഘടിപ്പിക്കപ്പെട്ട വർക്കിങ് ഗ്രൂപ്പുകളുടെ ആദ്യസമ്മേളനത്തിൽ ഞാൻ സന്നിഹിതനായിരുന്നു. വിദ്യാഭ്യാസമെന്ന ഈ പ്രക്രിയ ആർക്കു വേണ്ടിയും ആരാലും നിർവഹിക്കപ്പെടുന്നുവോ ആ വിദ്യാർഥികൾക്കും അധ്യാപകർക്കും, അവരുടെ സംഘടനകളിലൂടെയെങ്കിലും, അടുത്ത പഞ്ചവത്സരപദ്ധതിയിലെ വിദ്യാഭ്യാസ സംവിധാനത്തെപ്പറ്റി അറിയാനും അഭിപ്രായം പറയാനും അവസരം നൽകണമെന്ന് ഈ സമ്മേളനത്തിൽ ഞാൻ ആവശ്യപ്പെടുകയുണ്ടായി. പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയ ശേഷം അധ്യാപകവിദ്യാർഥി പ്രതിനിധികൾക്ക് അതിനെപ്പറ്റി ചർച്ച ചെയ്യാൻ അവസരം തീർച്ചയായും നൽകുന്നതാണെന്ന് ഔദ്യോഗികഭാഗത്തു നിന്ന് ഉറപ്പു നൽകപ്പെടുകയും ചെയ്തു. വർക്കിങ് ഗ്രൂപ്പുകൾ തന്നെ ശരിക്കു പ്രവർത്തിച്ചിട്ടില്ലാത്ത സ്ഥിതിക്ക്, ഇനി പദ്ധതി സംബന്ധിച്ച ചർച്ചകൾക്ക് അധ്യാപകർക്കോ വിദ്യാർഥികൾക്കോ സമയം ലഭിക്കുകയില്ലെന്നും, പഴയ നാലു പദ്ധതികൾ പോലെ അഞ്ചാം പദ്ധതിയും ഉദ്യോഗസ്ഥമേധാവിത്വപരമായി തയാറാക്കപ്പെട്ടതും ഉദ്യോഗസ്ഥമേധാവിത്വപരമായി നടപ്പിലാക്കപ്പെടുന്നതുമായ, മുകളിൽ നിന്ന് അടിച്ചേൽപ്പിക്കപ്പെട്ടതും ചുവട്ടിൽ നിന്ന് സഹിക്കപ്പെടുന്നതുമായ, ഒരു പദ്ധതി മാത്രമേ ആയിരിക്കു എന്നും, ജനങ്ങൾക്ക് അതിൽ താൽപര്യമോ, അതിന്റെ വിജയത്തിൽ ആകാംക്ഷയോ, പരാജയത്തിൽ പരിഭ്രമമോ ഉണ്ടായിരിക്കുകയില്ലെന്നും ഞാൻ ഭയപ്പെടുന്നു.

ഞാൻ ആദ്യം പ്രസ്താവിച്ച പോലെ, എല്ലാ വിഭാഗം അധ്യാപകരേയും പ്രതിനിധിത്വമുള്ള[illegible], ട്രേഡ്‌യൂണിയൻ പ്രശ്നങ്ങൾക്കെന്ന പോലെ അധ്യാപകരുടെ തൊഴിൽ വൈദഗ്ധ്യം ഉയർത്തുകയെന്ന പ്രശ്നത്തിനു കൂടി പരിഗണന നൽകുന്നതുമായ ഒരു അധ്യാപകസംഘടന ഉണ്ടായിരുന്നുവെങ്കിൽ, വിദ്യാഭ്യാസത്തിൽ നേരിട്ട് പങ്കെടുക്കുന്ന ഒരു വിഭാഗത്തിന്റെയും അറിവു കൂടാതെയും അഭിലാഷങ്ങൾ കണക്കിലെടുക്കാതെയും ഒരു വിദ്യാഭ്യാസപഞ്ചവത്സരപദ്ധതി ഇവിടെ തയ്യാറാക്കപ്പെടുമായിരുന്നില്ല. വിഘടിച്ചു നിൽക്കുന്ന അധ്യാപക സംഘടനകൾ, തങ്ങളുടെ വിഘടനങ്ങളുള്ളിൽ വെച്ചായാലും, അടുത്ത പഞ്ചവത്സരപദ്ധതിയിൽ വിദ്യാഭ്യാസത്തിനു നൽകപ്പെട്ടിരിക്കുന്ന സ്ഥാനത്തെയും രൂപത്തെയും പറ്റി ചർച്ച ചെയ്യാൻ ഇനിയെങ്കിലും മുന്നോട്ടു വരണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. പഞ്ചവത്സരപദ്ധതി അന്തിമമായി അംഗീകരിക്കപ്പെടും മുമ്പ് വിദ്യാ

ഭ്യാസരംഗത്തിൽ അതു നടപ്പിൽ വരുത്തേണ്ട അധ്യാപകർ അതിനെപ്പററി മനസ്സിലാക്കുകയും, ഇന്നത്തെ പരിമിതികൾക്കു വിധേയമായിട്ടെങ്കിലും വിദ്യാഭ്യാസാസൂത്രണത്തിന്റെ ലക്ഷ്യം പുനർനിർവചിക്കുകയും ചെയ്യുന്നതു കൊണ്ടു് തീർച്ചയായും പ്രയോജനമുണ്ടാകാതിരിക്കയില്ല.

## വിദ്യാഭ്യാസവും സാമ്പത്തിക വികസനവും

"വിദ്യാഭ്യാസം വികസനത്തിനു വേണ്ടി" എന്നതാണല്ലോ കോഠാരിക്കമ്മിഷൻ റിപ്പോർട്ടിന്റെ ശീർഷകം. ഇന്ത്യയെ പോലുള്ള ഒരു പിൻനില രാജ്യത്തു് പാരമ്പര്യാധിഷ്ഠിത സമുദായത്തെ ആധുനികീകരിക്കുകവഴിയാണ് വിദ്യാഭ്യാസം സാമ്പത്തിക വികസനത്തിലേക്കു രാജ്യത്തെ നയിക്കേണ്ടതു്. എന്നാൽ വികസ്വര രാജ്യങ്ങളിലെ വിദ്യാഭ്യാസ സമ്പ്രദായം ആധുനികീകരണത്തെ സഹായിക്കുകയല്ല ചെയ്യുന്നതു് എന്നും; പലപ്പോഴും ആധുനികീകരണത്തെ തടയുകയാണ് ഇവിടങ്ങളിൽ നിലവിലുള്ള വിദ്യാഭ്യാസത്തിന്റെ ഫലം എന്നും "ഏഷ്യൻ ഡ്രാമ" എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൽ ഗുന്നാർ മിർഡൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. പുസ്തകാധിഷ്ഠിതവും ദേഹാധ്വാന വിമുഖവുമായ ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് വിദേശീയ ഭരണ കർത്താക്കളിൽ നിന്നു് പൈതൃകമായി നമുക്കു ലഭിച്ചിട്ടുള്ളതും നാം അഭംഗുരം പാലിച്ചു വരുന്നതും എന്നതാണിതിനു കാരണം. നിരക്ഷരതാ നിർമാർജനത്തിലും, സാർവത്രികവും ആവശ്യമായത്ര ദീർഘവും പ്രയോജനോന്മുഖവുമായ പ്രാഥമിക വിദ്യാഭ്യാസത്തിലും ഊന്നുന്നതിനു പകരം നമ്മുടെ "ജനാധിപതികൾ" വർഗഭേദനത്തിനും വർഗമേധാവിത്വത്തിനും വഴി വെക്കുന്ന ഏറെക്കുറെ നിഷ്പ്രയോജനമായ വരേണ്യവർഗവിദ്യാഭ്യാസം നിലനിർത്തുന്നതിനും വികസിപ്പിക്കുന്നതിനും വേണ്ടിയാണ് ദരിദ്രമായ ഈ രാജ്യത്തിലെ വിരളങ്ങളായ വിഭവങ്ങൾ ഇപ്പോഴും വിദ്യാഭ്യാസത്തിന്റെ പേരിൽ ധൂർത്തടിച്ചു കളയുന്നതു്. സാമൂഹ്യ പരിവർത്തനത്തിനെതിരായ നിക്ഷിപ്ത താൽപര്യങ്ങളെ അരക്കിട്ടുറപ്പിക്കുന്ന തരത്തിലാണ് നമ്മുടെ നാട്ടിലെ വിദ്യാഭ്യാസ പ്രവർത്തനമെന്നു് ആർക്കാണ് അറിയാത്തതു്?

സാമൂഹ്യ പരിവർത്തനം, ഇന്നത്തെ ചുററുപാടിൽ, സോഷ്യലിസത്തിലേക്കുള്ള പരിവർത്തനമായിരുന്നേ മതിയാവൂ. വ്യക്തമായ അഞ്ചു് അടിസ്ഥാന നിബന്ധനകളിൽ സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തെ നമുക്കു നിർവചിക്കാം. (1) ഉൽപാദനോപകരണങ്ങളുടെ മേൽ സമൂഹത്തിനു് ഉടമ, (2) ഉൽപാദന പ്രവർത്തനങ്ങളിൽ സമൂഹത്തിനു മുഴുവൻ പങ്കാളിത്തവും എല്ലാവരുടെയും മിതമായ ആവശ്യങ്ങൾ എങ്കിലും നിർവഹിക്കുവാൻ സാധിക്കുമാറു് ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി സയൻസിന്റെയും സാങ്കേതിക വിദ്യയുടെയും പൂർണമായ ഉപയോജനവും; (3) ഉൽപാദിപ്പിക്കപ്പെടുന്ന വസ്തുക്കളുടെ ന്യായമായ വിഭജനം, (4) ഉൽപാദനവും വിഭജനവും നിയന്ത്രിക്കുന്നതിനു് പര്യാപ്തമായ സാമൂഹ്യ-രാഷ്ട്രീയ സംവിധാനം; (5) ഈ നാലു ഘടകങ്ങളും സംഭവ്യമാക്കിത്തീർക്കുന്ന ജനങ്ങളുടെ മാനസിക-സാംസ്കാരിക കാലാവസ്ഥ എന്നിവയാണ് സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിന്റെ അഞ്ചു് അടിസ്ഥാന നിബന്ധനകൾ. വിദ്യാഭ്യാസം സാമൂഹ്യപരിവർത്തനത്തിനു് ഉതകുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനുള്ള ഉരകല്ലു്, ഈ നിബന്ധനകൾ നിലവിൽ വരുത്താൻ വിദ്യാഭ്യാസം സഹായിക്കുന്നുണ്ടോ എന്ന ചോദ്യമത്രേ. ഇത്തരമൊരു വ്യവസ്ഥിതിയിലേക്കു്; ഇന്നല്ലെങ്കിൽ അടുത്ത തലമുറയിലെങ്കിലും, വളരാൻ നമുക്കു കഴിയണമെങ്കിൽ ചുരുങ്ങിയതു് നാലു പരിഷ്കാരങ്ങളെങ്കിലും നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഉടൻ വരണം



തീരൂ. ഈ പരിഷ്കാരങ്ങളൊന്നും പുതിയവയല്ല. വിദ്യാഭ്യാസക്കമ്മിഷൻ റിപ്പോർട്ടിന്റെ കാതലായ ശുപാർശകൾ അവയിലടങ്ങുന്നു. നമ്മുടെ പാർലമെൻറു് അംഗീകരിച്ചിട്ടുള്ള ദേശീയവിദ്യാഭ്യാസനയത്തിന്റെ സാരാംശവും ഇവ തന്നെ.

## നാലു പരിഷ്ക്കാരങ്ങൾ

### 1. നിരക്ഷരതാ നിർമാർജനം

നിരക്ഷരതാനിർമാർജനത്തിനു നൽകേണ്ട പ്രാധാന്യമാണ് വിദ്യാഭ്യാസ വ്യവസ്ഥിതിയിലെ ആദ്യത്തെ പരിഷ്കാരമായി ഞാനുദ്ദേശിക്കുന്നതു്. ജനാധിപത്യത്തിന്റെ ആധാരശില സാർവത്രികമായ സാക്ഷരതയാകുന്നു. സാക്ഷരതയിൽ ഇന്ത്യയുടെ മുമ്പിലാണ് കേരളം എന്നു പറയാറുണ്ടെങ്കിലും, കേരളത്തിൽ നൂറിനു് നാല്പതു പേർക്കും എഴുതാനും വായിക്കുവാനും അറിഞ്ഞുകൂടാ എന്ന വസ്തുത നാം സാധാരണയായി ഓർമിക്കാറില്ല. 1951-ൽ കേരളത്തിൽ 81,20,000 നിരക്ഷരരുണ്ടായിരുന്നു. ഇരുപതു കൊല്ലം കഴിഞ്ഞു് 1971-ൽ നിരക്ഷരരുടെ സംഖ്യ 84,70,000 ആയി വർധിച്ചു. 6-11 പ്രായപരിധിയിലുള്ള കുട്ടികളിൽ 100 ശതമാനമല്ല, ഔദ്യോഗികക്കണക്കുപ്രകാരം 108 ശതമാനം തന്നെ, സ്കൂളിൽച്ചേർന്നിരിക്കുന്ന കേരളത്തിലാണ് നിരക്ഷരരുടെ നിരപേക്ഷസംഖ്യയിലുള്ള ഈ വർധന എന്നു് ഓർക്കണം. ഇത്ര വമ്പിച്ച തോതിൽ നിരക്ഷരമായ ഒരു സമൂഹത്തിനു് ഉൽപാദനോപകരണങ്ങളുടെ മേൽ ഉടമയോ ഉൽപാദനത്തിൽ പങ്കാളിത്തമോ കൈവരുന്നതെങ്ങിനെ? സ്കൂൾ തീരെ കാണാത്ത മുതിർന്ന നിരക്ഷരരുടെ കാര്യമാണ് മുകളിൽപ്പറഞ്ഞതു്. സ്കൂളിൽ ചേർന്ന ശേഷം ഒന്നോ രണ്ടോ കൊല്ലം കഴിഞ്ഞു് തോൽവി കൊണ്ടോ സാമ്പത്തികമായ കഴിവുകേടു കൊണ്ടോ സാമൂഹ്യമായ പിൻനില കൊണ്ടോ സ്കൂൾ വിട്ടു പോരുന്നവരും, ക്രമേണ നിരക്ഷരതയിലേക്കു തിരികെ വഴുതിയിറങ്ങുന്നവരുമായ കുട്ടികളുടെ സംഖ്യ അമ്പരപ്പിക്കുന്നതത്രേ. കേരളത്തിൽ ഒന്നാംക്ലാസ്സിൽ ചേരുന്ന 100 കുട്ടികളിൽ 31 പേർ മാത്രമാണ് അഞ്ചാം ക്ലാസ്സിലെത്തുന്നതു് എന്നു് ഔദ്യോഗികക്കണക്കുകളിൽ കാണുന്നു. പത്താംക്ലാസ്സിൽ എത്തുന്നതോ 8.2 പേർമാത്രവും. ഇതിന്റെ അർഥം, സ്കൂളിൽ പ്രവേശിക്കുന്ന 100 കുട്ടികളിൽ നാലാം ക്ലാസ്സു് കടക്കാത്ത 69 പേർ ഏറെക്കുറെ പൂർണ നിരക്ഷരതയിലേക്കു മടങ്ങിപ്പോകുന്നു എന്നും എസ്. എസ്. എൽ. സി. പാസ്സാകാത്ത 92 പേർക്കു് അപര്യാപ്തമായ സാക്ഷരത മാത്രമേ ലഭിക്കുന്നുള്ളു എന്നുമാണ്. ഒരാണ്ടിൽ കേരളത്തിലെ സ്കൂളുകളിൽ പ്രൈമറിവിഭാഗത്തിൽ നിന്നു് ഉതിർന്നു പോകുന്നവർ 3,67,778 ആണെന്നു് 1973 ജൂൺ 9-ലെ കേരളകൗമുദിയിൽ ഔദ്യോഗികക്കണക്കുകൾ ഉദ്ധരിച്ചു പറഞ്ഞിരുന്നു.

കേരളത്തെ സംബന്ധിച്ച അർഥഗർഭമായ ഏതു വിദ്യാഭ്യാസപദ്ധതിയിലും പ്രാഥമ്യം നൽകേണ്ടതു് ഇവിടെ ഇപ്പോൾ ഉള്ള ഇരുപത്തഞ്ചു ലക്ഷത്തോളം നിരക്ഷരരെ സാക്ഷരരാക്കുന്നതിനും, വിദ്യാലയങ്ങളിൽ നിന്നു് കുട്ടികളുടെ ചോർച്ചമൂലം വർഷന്തോറും നിരന്തരമായി സംഭവിച്ചു കൊണ്ടിരിക്കുന്ന നിരക്ഷരതാ

വർധന (മുമ്പുദ്ധരിച്ച കണക്കുപ്രകാരം ആണ്ടുതോറും മൂന്നര ലക്ഷത്തിലേറെ പുതിയ നിരക്ഷരർ ഇവിടെ ഉണ്ടാവുന്നുണ്ട്) തടയുന്നതിനുമായിരിക്കണം എന്നതിൽ ആർക്കും അഭിപ്രായവ്യത്യാസമുണ്ടാകാൻ വഴിയില്ല. സ്കൂൾപ്രായം കഴിഞ്ഞ മുതിർന്നവർക്കിടയിൽ വിപുലമായ സാക്ഷരതാപ്രവർത്തനവും, 15 വയസ്സു വരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും, സ്കൂളിനകത്തു സാധ്യമല്ലെങ്കിൽ അതിനു പുറത്ത്, എട്ടു വർഷത്തെ സ്കൂൾപഠിപ്പിനു സമമായ സ്കൂൾപ്പുറവിദ്യാഭ്യാസം നൽകുന്നതിനുള്ള സംവിധാനവും വിദ്യാഭ്യാസാസൂത്രണത്തിന്റെ പ്രമുഖഘടകങ്ങളാവണം; അവ വിദ്യാഭ്യാസാസൂത്രണത്തിന്റെ പ്രമുഖ ഘടകങ്ങളാണെന്ന് നാം അംഗീകരിക്കണം. അഞ്ചാം പഞ്ചവത്സരപദ്ധതിക്കാലത്തെ വിദ്യാഭ്യാസ സംവിധാനം സംബന്ധിച്ച് തമിഴ്നാട് ഗവൺമെണ്ടു തയ്യാറാക്കിയ ഒരു രേഖയിൽ ഈ രണ്ടു പ്രവർത്തനങ്ങൾക്കും—മുതിർന്നവർക്കിടയിലുള്ള വയോജന വിദ്യാഭ്യാസത്തിനും സ്കൂൾ പ്രായക്കാർക്കിടയിലുള്ള സ്കൂൾപ്പുറവിദ്യാഭ്യാസത്തിനും—സ്ഥാനം നൽകിക്കാണുകയുണ്ടായി. മുതിർന്നവർക്കിടയിൽ സാക്ഷരതാ പ്രവർത്തനത്തിനും സ്കൂളിൽ നിന്ന് ഉതിർന്നു പോകുന്ന കുട്ടികൾക്കിടയിൽ സ്കൂൾപ്പുറ (out-of-School) വിദ്യാഭ്യാസ പ്രവർത്തനത്തിനും മാത്രമായി പര്യാപ്തമല്ലെങ്കിലും ഗണ്യമായ സംഖ്യയിൽ അധ്യാപകരെ നിയമിക്കുവാൻ തമിഴ്നാട് പദ്ധതിൽ പണം വകയിരുത്തിയിട്ടുണ്ട്. സാർവത്രികസാക്ഷരതയെന്ന ലക്ഷ്യം അടുത്ത നൂററാണ്ടിലെങ്കിലും കേരളം നേടണമെങ്കിൽ ഇന്നു തന്നെ ഈ പരിപാടികൾ നാം അംഗീകരിച്ചേ മതിയാവൂ.

എന്നാൽ കേരളത്തിലെ വിദ്യാഭ്യാസം സംബന്ധിച്ച അടുത്ത പഞ്ചവത്സര പദ്ധതി തയ്യാറാക്കിയവർ ഈ പ്രശ്നങ്ങളെ കാണാൻ തന്നെ കൂട്ടാക്കിയിട്ടില്ല. അധ്യാപകരുടെയും ക്ലാസ്സുമുറികളുടെയും സ്കൂളുകളുടെയും എണ്ണം കൂട്ടുക മാത്രമാണ് അവരുടെ ദൃഷ്ടിയിൽ ഇവിടെ വിദ്യാഭ്യാസാസൂത്രണം! ഈ പദ്ധതി, മറെറന്തായാലും, ആസൂത്രിത വികസനത്തിന് ആധാരമാകേണ്ട ഒരു രേഖയല്ല. വിദ്യാഭ്യാസത്തിൽ മൗലികമായ ഒരു ഗുണപരിവർത്തനത്തെ അതു ലക്ഷ്യമാക്കുന്നില്ല.

## 2. നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം

നിരക്ഷരതാനിർമാർജ്ജനത്തോടൊപ്പം പ്രാധാന്യമുള്ള ഒരു പരിഷ്കാരമാണ് ഏഴു വർഷത്തെ പ്രാഥമികവിദ്യാഭ്യാസമെങ്കിലും എല്ലാവർക്കും നിർബന്ധിതമാക്കുകയെന്നത്. ലോകത്തിലെ മിക്ക രാജ്യങ്ങളിലും പത്തോ പതിനൊന്നോ പന്ത്രണ്ടോ വർഷത്തെ സെക്കൻഡറി വിദ്യാഭ്യാസം ഇന്ന് സാർവത്രികമായിത്തീർന്നിട്ടുണ്ട്. ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും സാങ്കേതികവിദ്യ പ്രവേശം ലഭിച്ചിട്ടുള്ള ഈ യന്ത്രയുഗത്തിൽ ജനാധിപത്യ വ്യവസ്ഥിതിക്കു കീഴിൽ ഫലപ്രദമായി ജീവിക്കുന്നതിന്ന് ഇത്രയും കാലത്തെയെങ്കിലും പരിശീലനം ഓരോ വ്യക്തിക്കും ആവശ്യമാണ്. റേഡിയോ, പത്രങ്ങൾ, പുസ്തകങ്ങൾ എന്നിവ വഴി പുതിയ അറിവ് നമ്മിലേക്ക് നിരന്തരമായി പ്രവഹിച്ചു കൊണ്ടിരിക്കുന്നു. ത്യാജ്യഗ്രാഹ്യവിവേചനത്തോടെ ഈ അറിവ് ഉൾക്കൊള്ളാൻ കഴിയണമെങ്കിൽ ഏററവും ചുരുങ്ങിയത് ഏഴു കൊല്ലത്തെ പഠിപ്പെങ്കിലും കൂടിയേ കഴിയൂ. സയൻസും സാങ്കേതിക വിദ്യയും ഉപയോഗപ്പെടുത്തി കാർഷികവ്യാവസായി



കോൽപാദനം പരമാവധി വർധിപ്പിക്കുന്നതിന് ഇതു് അനുപേക്ഷണീയമാകുന്നു. അതിനാൽ, ഗാന്ധിജി നിർദ്ദേശിച്ച പോലെ, പ്രാഥമികവിദ്യാഭ്യാസം ഏഴു വർഷത്തെ ഒരു നിരന്തരപ്രക്രിയയാക്കുകയും, അതു് എല്ലാവർക്കും നിർബന്ധമാക്കുകയും ചെയ്യുന്നതു് അടുത്ത പഞ്ചവത്സരപദ്ധതിക്കാലത്തു് നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ രണ്ടാമത്തെ ലക്ഷ്യമായി പ്രഖ്യാപിക്കേണ്ടതാണെന്ന് ഞാൻ കരുതുന്നു. ഉന്നതവിദ്യാഭ്യാസരംഗത്തിൽ വന്നു കൊണ്ടിരിക്കുന്ന നിർവിചാരമായ വികസനം അടുത്ത അഞ്ചു വർഷത്തേക്കു തികച്ചും നിർത്തി വെച്ച്, അതിന്നായി ചെലവഴിക്കുന്ന പണം പ്രാഥമികവിദ്യാഭ്യാസ വികസനത്തിനു തിരിച്ചു വിടുന്നതു് സോഷ്യലിസത്തിലേക്കുള്ള നമ്മുടെ പുരോഗതിയെ ത്വരിപ്പിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. എന്നാൽ, ഇങ്ങിനെയൊരു ചിന്താഗതി തന്നെ നമ്മുടെ വിദ്യാഭ്യാസാസൂത്രകരിൽ ഉളവായതായിക്കാണുന്നില്ല. 1973–74 ൽ 6 മുതൽ 11 വരെ വയസ്സുള്ള കുട്ടികളിൽ 90 ശതമാനവും സ്കൂളിൽ ആരുടെ പ്രേരണയും കൂടാതെ ചേരും; ബാക്കിയുള്ളവരെ കൂടി സ്കൂളിൽ കൊണ്ടു വരാൻ, ഇന്നു സ്കൂളില്ലാത്ത പ്രദേശങ്ങളിൽ 300-ഓ 400- ഓ പ്രാഥമിക വിദ്യാലയങ്ങൾ കൂടി പുതുതായി തുടങ്ങുകയേ വേണ്ടു–ഇതാണ് 5-ാം പഞ്ചവത്സര പദ്ധതിയുടെ കരടു രേഖ ഈ സുപ്രധാന പ്രശ്നത്തിനു നിർദ്ദേശിക്കുന്ന പരിഹാരം! നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസത്തെപ്പററി അവർ ആലോചിച്ചിട്ടേ ഇല്ല. നിർബന്ധം കൂടാതെ തന്നെ വിദ്യാഭ്യാസം ഇവിടെ സാർവത്രികമാകുമെന്നാണ് അവരുടെ പ്രതീക്ഷ! നമ്മുടെ വിദ്യാഭ്യാസാസൂത്രണത്തിന്റെ രണ്ടാമത്തെ വലിയ പോരായ്മ ഇതാണെന്ന് എനിക്കു തോന്നുന്നു.

## 3. തൊഴിൽപ്പരിചയം

വിദ്യാഭ്യാസത്തിന്റെ ഗുണം (quality) ഉയർത്തുതിനുള്ള മാർഗങ്ങളെപ്പററി അഞ്ചാം പദ്ധതിയുടെ കരടു രേഖയിൽ ചില പ്രസ്താവങ്ങളുണ്ട്. ഉപകരണങ്ങളും പഠനസഹായികളും വാങ്ങുന്നതിനായി ആണ്ടിൽ 1400 പ്രാഥമികവിദ്യാലയങ്ങൾക്കും 520 യു. പി. സ്കൂളുകൾക്കും 500 ഉറുപ്പിക വീതം നൽകുക, കണക്ക്, സയൻസ് എന്നിവയുടെ സിലബസ്സുകൾ പരിഷ്കരിക്കുക, 3-ാം സ്റ്റാൻഡേർഡിലെ ഷിഫ്ററ് അവസാനിപ്പിക്കുക, 250 വലിയ പ്രൈമറി സ്കൂളുകളിൽ ഒരു അധ്യാപകനെ വീതം കൂടുതലായി നിയമിക്കുക മുതലായവയാണ് പ്രൈമറി വിദ്യാഭ്യാസത്തിന്റെ "ഗുണം" ഉയർത്താൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന മാർഗങ്ങൾ. സെക്കണ്ടറി സ്കൂളുകളിലും ഏറെക്കുറെ ഈ കാര്യങ്ങൾ തന്നെ പ്രസക്തമായ വ്യത്യാസങ്ങളോടെ ഗുണമുയർത്തലിനായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

നമ്മുടെ വിദ്യാഭ്യാസം "നിർഗുണ"മായതു് ഈ രാജ്യത്തിലെ പരിതസ്ഥിതിയുമായി, ഇവിടത്തെ അധ്വാന ജീവിതവുമായി, അതിനൊരു ബന്ധവുമില്ലാത്തതു കൊണ്ടാണ്. ഈ നിർഗുണതയുടെ പരിഹാരമാകട്ടെ തൊഴിൽപ്പരിചയത്തെ വിദ്യാഭ്യാസത്തിന്റെ കേന്ദ്രസ്ഥാനത്തു് ദൃഢമായി പ്രതിഷ്ഠിക്കുകയത്രേ. അഞ്ചാം പദ്ധതിയുടെ കരടു രേഖയിൽ വിദ്യാഭ്യാസത്തിന്റെ "ഗുണം" ഉയർത്തുന്നതുമായി തൊഴിൽപ്പരിചയത്തെ ബന്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏറെക്കുറെ ഇന്നത്തെ നാമമാത്ര തൊഴിൽപ്പരിചയ പരിപാടികൾ തുടർന്നു പോകാനുള്ള പരിപാടിയേ

ചേർത്തു കാണുന്നുള്ളൂ. എസ്. എസ്. എൽ. സിയ്ക്കു ശേഷം 130 ഹൈസ്കൂളുകളിൽ ഒരു "തൊഴിലാഭിമുഖ്യവൽക്കരണം" (Vocationalisation) തുടങ്ങുമെന്നും 100 ഹൈസ്കൂളുകളിൽ പെൺകുട്ടികൾക്ക് പ്രത്യേകമായ തൊഴിൽപ്പരിപാടിയുണ്ടാക്കുമെന്നും അധ്യാപകർക്ക് തൊഴിൽപ്പരിചയപരിശീലനം നൽകുന്നതിനായി ഒരു ഇൻസ്റ്റിററ്യൂട്ട് സ്ഥാപിക്കുമെന്നും പറഞ്ഞിട്ടുള്ളത് ഇവിടെ അവഗണിക്കുന്നില്ല. എന്നാൽ ഇന്നത്തെ തൊഴിൽ വിരുദ്ധ വിദ്യാഭ്യാസത്തിന്റെ മീതെ അൽപം "തൊഴിൽപ്പരിചയം" തേച്ചു കൊടുക്കുക മാത്രമേ ഇതു കൊണ്ടുണ്ടാവുന്നുള്ളൂ. വിദ്യാഭ്യാസത്തിന്റെ കേന്ദ്രത്തിൽ തൊഴിൽപ്പരിചയത്തെ പ്രതിഷ്ഠിക്കുന്നതു കൊണ്ടു മാത്രമേ വിപ്ലവകരമായ ഒരു മാററം—ഗുണത്തിൽ ഉയർച്ച—നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഉണ്ടാവൂ. നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിൽ അടിയന്തിരമായി ഉണ്ടാകേണ്ട മൂന്നാമത്തെ പരിഷ്ക്കാരം ഇതാണ്. പക്ഷേ ഇതിനുള്ള യാതൊരു പരിപാടിയും പദ്ധതിയിലില്ല, ഈ പ്രശ്നത്തിന്റെ പ്രാധാന്യത്തെപ്പററി എന്തെങ്കിലും ധാരണ ആസൂത്രകന്മാർക്കുള്ളതായി കരടുരേഖ വെളിപ്പെടുത്തുന്നുമില്ല.

## 4. പ്രാദേശികഭാഷാമാധ്യമം

അഞ്ചാം പദ്ധതിക്കാലത്ത് ഉന്നത വിദ്യാഭ്യാസത്തിന്നായി 8 കോടി ക. യാണ് കൂടുതലായി വകയിരുത്തിട്ടുള്ളത്. ഇതിൽ 3 കോടി ക. സർവ്വകലാശാലകൾക്ക് വികസന ഗ്രാൻറായി നൽകാനും 5 കോടി ക. കൊണ്ട് കോളേജ് വിദ്യാഭ്യാസം പരിഷ്കരിക്കാനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. കോളേജുകൾ നാട്ടിൽ അധികമായിരിക്കുന്നു എന്ന പരാതിയുണ്ടെങ്കിലും 150 ലക്ഷം രൂപ പുതിയ സർക്കാർ കോളേജുകൾ തുടങ്ങാനായി നീക്കി വെച്ചിരിക്കുന്നു.

കോളേജ് വിദ്യാഭ്യാസത്തെപ്പററിയേടത്തോളം എത്രയോ മുമ്പു വരുത്തേണ്ടിയിരുന്ന മൗലികമായ ഒരു പരിഷ്കാരമാണ് മാധ്യമം പ്രാദേശികഭാഷയാക്കുകയെന്നത്. കേരളം ഒഴിച്ചുള്ള എല്ലാ സ്റ്റേററുകളും ഈ രംഗത്തിൽ ബഹുദൂരം മുന്നോട്ടു പോയിരിക്കുന്നു. എന്നാൽ ഈ വിഷയത്തെപ്പററി പദ്ധതിയുടെ കരടുരേഖ അർത്ഥഗർഭമായ മൗനം പാലിക്കുകയാണ് ചെയ്യുന്നത്.

വിദ്യാഭ്യാസസമ്പ്രദായത്തിന്ന് നമ്മുടെ പരിസ്ഥിതിയിൽ, നമ്മുടെ സമുദായത്തിൽ, എന്തെങ്കിലും പ്രസക്തി ഉളവാകണമെങ്കിൽ അടിയന്തരമായും നടപ്പിലാക്കേണ്ട നാലു പരിഷ്കാരങ്ങളെപ്പററിയാണ് ഇതു വരെ പ്രസ്താവിച്ചത്. നിരക്ഷരതാ നിർമ്മാർജ്ജനം, നിർബ്ബന്ധിത പ്രാഥമിക വിദ്യാഭ്യാസ വിതരണം, തൊഴിൽപരിചയം, പ്രാദേശികഭാഷാമാധ്യമം എന്നീ നാലു കാര്യങ്ങളിലും കേരളത്തിന്റെ അഞ്ചാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയ വിദ്യാഭ്യാസ പദ്ധതിയുടെ നിലപാട് എത്ര മാത്രം പിൻതിരിപ്പനാണെന്ന് നാം കണ്ടു കഴിഞ്ഞു. നമ്മുടെ വിദ്യാഭ്യാസത്തെ ഇന്ന് അതു നിൽക്കുന്ന ദൂഷിതവലയ[illegible]നിന്നു പുറത്തു കൊണ്ടുവരാനുള്ള ഒരൊററ നിർദ്ദേശമെങ്കിലും ഈ പഞ്ചവത്സര പദ്ധതിയിൽ എനിക്കു കാണാൻ കഴിഞ്ഞിട്ടില്ല.

## സ്കൂൾപ്പുറവിദ്യാഭ്യാസവും തുടർവിദ്യാഭ്യാസവും

ജനകീയ വിദ്യാഭ്യാസത്തിൽ അടുത്ത കാലത്തു വന്നുചേർന്ന ഒരു പുതിയ ധാരണയാണ് ആജീവനാന്തവിദ്യാഭ്യാസം (education for life) എന്നത്. ഗവേ



ഷണത്തിലും വിജ്ഞാന വിനിമയത്തിലുമുണ്ടായിട്ടുള്ള അത്ഭുതപൂർവമായ വികസനം മൂലം, ഏഴോ എട്ടോ കൊല്ലം കൂടുമ്പോൾ മനുഷ്യന്റെ അറിവ്, മനുഷ്യസമുദായത്തിന്റെ അറിവ്, ഇരട്ടിച്ചുകൊണ്ടിരിക്കുന്നു. ഈ അറിവിന്റെ വളരെ ചെറിയ ഒരംശമേ സ്കൂളുകളിൽ നിന്നും കോളേജുകളിൽ നിന്നും സർവ്വകലാശാലകളിൽ നിന്നും വിദ്യാർഥികൾക്കു ലഭിയ്ക്കുകയുള്ളൂ. വിദ്യാഭ്യാസം എല്ലാ ജനങ്ങളുടേയും ആജീവനസാധനയായി മാറിയാൽ മാത്രമേ വളർന്ന് വരുന്ന ശാസ്ത്രീയ-സാങ്കേതിക വിജ്ഞാനം ഉപയോഗപ്പെടുത്തി കുറേക്കൂടി സമ്പന്നവും സാർഥകവുമായ വ്യക്തി ജീവിതം നയിക്കാനും, പൊതുജീവിതത്തിൽ ഫലപ്രദമായി ഇടപെടാനും ജനങ്ങൾക്കു കഴിവു കൈവരുകയുള്ളൂ.

ആജീവനാന്ത വിദ്യാഭ്യാസത്തിന്ന് ജനങ്ങളെ സജ്ജരും സമർഥരുമാക്കുന്നതിനുള്ള രണ്ടു മാർഗ്ഗങ്ങളാണ് സ്കൂൾപ്പുറ വിദ്യാഭ്യാസവും (out of school education) തുടർ വിദ്യാഭ്യാസവും (continuing education). സ്കൂളിൽ ചേരാതിരിയ്ക്കുകയോ, ചേർന്ന ശേഷം ഇടയ്ക്കു വെച്ചു പഠിപ്പു നിർത്തുകയോ ചെയ്തു, സ്കൂൾ പ്രായം കഴിഞ്ഞിട്ടില്ലാത്ത, കുട്ടികളെ അവർക്കു സൗകര്യമുള്ള സ്ഥലത്തും സമയത്തും വിളിച്ചുകൂട്ടി ഏഴോ എട്ടോ കൊല്ലത്തെ സ്കൂൾവിദ്യാഭ്യാസത്തിന്നു തുല്യമായ പഠിപ്പ് അവർക്കു നൽകുന്നതിനെയാണ് സ്കൂൾപ്പുറ വിദ്യാഭ്യാസമെന്നു പറയുന്നത്. നിരക്ഷരതയുടെ പട്ടാളത്തിലേക്ക് ആണ്ടുതോറും പുതിയ റിക്രൂട്ടുകളെ ലക്ഷക്കണക്കിന്നു ചേർത്തു കൊണ്ടിരിക്കുന്ന ഇന്നത്തെ രീതി അവസാനിപ്പിയ്ക്കണമെങ്കിൽ, സ്കൂൾപ്പുറ വിദ്യാഭ്യാസം വിദഗ്ധമായും ഫലപ്രദമായും ആസൂത്രണം ചെയ്യേണ്ടതാണെന്ന് ഇതിന്നു മുമ്പ് പറയുകയുണ്ടായല്ലോ. ഇതു വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയാകുന്നു; ഇന്ന് അതു് തങ്ങളുടെ ചുമതലയായി വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചിട്ടില്ലെങ്കിലും. നിശ്ചിതകാലത്തെ ഔപചാരികമായ വിദ്യാഭ്യാസത്തിന്നുശേഷം വിദ്യാലയം വിട്ട് മററു തൊഴിലുകളിലേർപ്പെട്ടിട്ടുള്ളവരെ, അനുക്ഷണം ആഴവും പരപ്പുമേറി വരുന്ന വിജ്ഞാന പ്രവാഹത്തിലേയ്ക്കു കൂടക്കൂടെ ആനയിക്കുന്നതിന്നുള്ള മാർഗ്ഗമത്രേ "തുടർവിദ്യാഭ്യാസം." ഇതാകട്ടെ മുഖ്യമായും സർവ്വകലാശാലകളുടെ ചുമതലയായിരിക്കേണ്ടതാണ്. സർവ്വകലാശാലകളിൽ പരമ്പരയാ നിലവിലുള്ള (traditional) കോഴ്സുകളിൽ ചേരുന്നതിന്ന് നിശ്ചിതമായ മിനിമം യോഗ്യതയോ ക്ലാസ്സുകളിൽ ഹാജരോ ഇല്ലാത്ത മുതിർന്നവർക്ക്; കറസ്പോൺഡൻസ് കോഴ്സുകൾ, റേഡിയോ-ടെലിവിഷൻ പ്രക്ഷേപണങ്ങൾ മുതലായവയിലൂടെയും; അധ്യാപകരുടെ വ്യക്തിപരമായ സമ്പർക്കത്തിലൂടെയും; ലാബറട്ടറികൾ ഉപയോഗിയ്ക്കാൻ നിശ്ചിതകാലങ്ങളിൽ സൗകര്യം നൽകുന്നതിലൂടെയും സർവ്വകലാശാലാ ബിരുദങ്ങൾ നേടാൻ അവസരം നൽകുകയാണ് തുടർ വിദ്യാഭ്യാസത്തിന്റെ ഒരു വശം. ബ്രിട്ടനിലെ ഓപ്പൻ യൂനിവേഴ്സിറ്റിയും മററു രാജ്യങ്ങളിലെ പല സർവ്വകലാശാലകളും "തുടർ വിദ്യാഭ്യാസ"ത്തിന്നുള്ള സ്ഥാപനങ്ങളാണ്. ഇങ്ങിനെ ബിരുദങ്ങളെ ഉദ്ദേശിച്ചുള്ള കോഴ്സുകൾക്കു പുറമെ, വിജ്ഞാനത്തിന്റെ വിഭിന്ന ശാഖകളിൽ ഒന്നോ രണ്ടോ ആഴ്ച നീണ്ടു നിൽക്കുന്ന ചെറിയ കോഴ്സുകൾ ആസൂത്രണം ചെയ്ത്, ഗ്രാമപ്രദേശങ്ങളിലുള്ള ഗ്രന്ഥശാലകളിലോ സ്കൂളുകളിലോ വെച്ച് മുതിർന്നവർക്ക് വേണ്ടി നടത്തുന്നതാണ് തുടർ വിദ്യാഭ്യാസത്തിന്റെ മറെറാരു വശം. മിക്ക അമേരിക്കൻ സർവകലാശാല

കളും ഈ രംഗത്ത് സ്തുത്യർഹമായ സേവനം എത്രയോ ആണ്ടുകളായി നിർവഹിച്ചു വരുന്നു. നമ്മുടെ സർവ്വകലാശാലകൾ ഇനി വികസിക്കേണ്ടത് മുഖ്യമായും തുടർവിദ്യാഭ്യാസത്തിലൂടെയാണ്. പ്രായോഗികപ്രാധാന്യമുള്ള ശാസ്ത്രീയ വിജ്ഞാനം ജനമധ്യത്തിലെത്തിക്കുന്നതിന്നുള്ള രാജമാർഗം ഇതത്രേ. പാരമ്പര്യാധിഷ്ഠിത സമുദായത്തെ ആധുനികീകരിക്കുന്നതിന്ന് വിദ്യാഭ്യാസം ഉതകണമെങ്കിൽ തുടർവിദ്യാഭ്യാസം പോലെയുള്ള അയാഥാസ്ഥിതികോപാധികൾ ഇന്ത്യയിലെ സർവകലാശാലകൾ അംഗീകരിച്ചേ കഴിയൂ.

പക്ഷേ, നിർഭാഗ്യമെന്നു പറയട്ടെ, ഈ തരം കാര്യങ്ങളെപ്പററിയെല്ലാം ശിലാതുല്യമായ മൗനമാണ് അഞ്ചാം പഞ്ചവത്സരപദ്ധതിയിൽ ഉന്നത വിദ്യാഭ്യാസത്തെപ്പററിപ്പറയുന്ന ഭാഗത്ത് കാണുന്നത്. ചുരുക്കത്തിൽ നിർജ്ജീവവും ഭാവനാരഹിതവും ഉദ്യോഗസ്ഥമേധാവിത്വപരവുമായ വീക്ഷണത്തിൽ കവിഞ്ഞ ഒന്നും വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം കേരളത്തിലെ അഞ്ചാം പദ്ധതിയുടെ കരടുരേഖയിലില്ല.

## അധ്യാപകരും വിദ്യാർഥികളും ചർച്ച ചെയ്യണം

കരടുരേഖ പ്രസിദ്ധം ചെയ്തു കഴിഞ്ഞിട്ടു മാസങ്ങളോളമായി. പദ്ധതിക്ക് കേന്ദ്രത്തിൽ നിന്ന് എത്ര മാത്രം സാമ്പത്തിക സഹായം കിട്ടുമെന്ന് അറിവായാൽ ഈ കരട് ശരിയായ പദ്ധതിയായി മാറും. പിന്നീട് അതാവും 1974 മുതൽ 1979 വരെയുള്ള നമ്മുടെ വിദ്യാഭ്യാസത്തിന്റെ ശിരോരേഖ.

ഈ കാര്യങ്ങളെപ്പററി കേരളത്തിലെ സംഘടിതരായ അധ്യാപകരോ വിദ്യാർഥികളോ ചിന്തിച്ചിട്ടുണ്ടോ? കേരളത്തിൽ മറെറന്തു കുഴപ്പങ്ങളുണ്ടായാലും തൊഴിൽസംഘടനകൾ സജീവങ്ങളല്ലെന്ന് ആരും പറയുകയില്ല. ഓരോ വിഭാഗത്തിൽപ്പെട്ട അധ്യാപകർക്കും ഇന്ന് ഒന്നോ അധികമോ സംഘടനകൾ ഉണ്ട്. വിദ്യാർഥി സംഘടനകൾക്കാണെങ്കിൽ കണക്കില്ല. തേനീച്ചക്കൂട്ടുകൾ പോലെ കർമ്മമുഖരങ്ങളാണ് ഈ സംഘടനകളോരോന്നും.

അടുത്ത അഞ്ചു വർഷത്തേക്ക് വിദ്യാഭ്യാസത്തിന്റെ ഗതി നിർണയിക്കുന്ന പദ്ധതിയുടെ കാര്യത്തിൽ ഈ സംഘടനകൾ ഒന്നും തന്നെ യാതൊരു താൽപര്യവും ഇതു വരെ പ്രദർശിപ്പിച്ചിട്ടില്ലെന്നത് അത്ഭുതാവഹമായിരിക്കുന്നു. വിദ്യാഭ്യാസത്തിൽ ഏററവും താൽപര്യമുണ്ടാവേണ്ടത് അതിന്റെ രണ്ടു ധ്രുവങ്ങളായ അധ്യാപകർക്കും വിദ്യാർഥികൾക്കുമാണല്ലോ. അവർ ശ്രദ്ധിക്കാത്ത പക്ഷം, വിദ്യാഭ്യാസപദ്ധതി ഉദ്യോഗസ്ഥമേധാവിത്വപരം മാത്രമായിപ്പോവുമെന്നത് നിസ്സംശയമല്ലയോ?

കേരളത്തിന്റെ അഞ്ചാം പഞ്ചവത്സരപദ്ധതിയിലെ വിദ്യാഭ്യാസ സംവിധാനത്തെപ്പററി പഠിക്കാനും ചിന്തിക്കാനും ചർച്ച ചെയ്യാനുമുള്ള പ്രേരണ ഈ പ്രസംഗത്തിന്റെ ഫലമായി നിങ്ങളിൽ ആർക്കെങ്കിലും ഉളവായിട്ടുണ്ടെങ്കിൽ ഈ പ്രാസംഗികന് അതിൽ കവിഞ്ഞ ചാരിതാർഥ്യം വേറെ ഉണ്ടാവാനില്ല.



# ഭാഷാധ്യാപനം നമ്മുടെ സ്ക്കൂളുകളിൽ

നമ്മുടെ സ്ക്കൂളുകളിലെ ഭാഷാധ്യാപനത്തെപ്പററി ഏതാനും ചിന്തകൾ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കാനാണ് ഈ പ്രസംഗത്തിൽ ഞാൻ ഉദ്ദേശിക്കുന്നത്.

## സ്ക്കൂളുകൾ ഉണ്ടാവും മുമ്പ്

ആധുനികരീതിയിലുള്ള സ്ക്കൂളുകൾ ഉണ്ടാവുന്നതിന്നു മുമ്പ് താരതമ്യേന മോശമല്ലാത്ത ഒരു ഭാഷാധ്യാപന രീതി കേരളത്തിലെ കുടിപ്പള്ളിക്കൂടങ്ങളിൽ നിലവിലിരുന്നു. മൂന്നു മുതൽ അഞ്ചു വരെ വയസ്സുള്ള കുട്ടികളെ എഴുത്തിന്നിരുത്തുക ഏറക്കുറെ സാർവ്വത്രികമായിരുന്നു. എഴുത്തിന്നിരുത്തുക എന്ന കർമം കഴിഞ്ഞാൽ അക്ഷരമാലയിലെ അക്ഷരങ്ങൾ ഏതാനും ദിവസം അരിയിലും പിന്നീട് മണലിലും അതിന്നുശേഷം ഓലയിലും എഴുതിയും ഉച്ചരിച്ചും ഹൃദിസ്ഥമാക്കിയിരുന്നു. അക്ഷരമാല എഴുതാൻ പഠിച്ചു കഴിഞ്ഞാൽ സ്വരചിഹ്നങ്ങൾ ചേർത്ത് ഓരോ അക്ഷരത്തിന്റെയും പെരുക്കങ്ങളും യരലവകൾ ചേരുമ്പോഴുള്ള രൂപഭേദങ്ങളും പ്രധാനപ്പെട്ട കൂട്ടക്ഷരങ്ങളും പഠിപ്പിക്കും. ഗണേശാഷ്ടകം, മുകുന്ദാഷ്ടകം, മുതലായ ലഘു സംസ്കൃതസ്തോത്രങ്ങൾ കൂടി ചൊല്ലാനും എഴുതാനും പഠിച്ചു കഴിയുമ്പോഴേക്ക് സ്ഫുടമായി എല്ലാ അക്ഷരങ്ങളും ഉച്ചരിക്കാനും, തെററു കൂടാതെ ഖരാതിഖര മൃദുഘോഷങ്ങൾ വേർതിരിച്ചെഴുതാനുമുള്ള കഴിവ് വിദ്യാർഥിക്കു കൈവരും. പിന്നീട് ഉന്നതവിദ്യാഭ്യാസം ആവശ്യമുള്ളവർ സിദ്ധരൂപം, ശ്രീരാമോദന്തം മുതലായ സംസ്കൃതപാഠപുസ്തകങ്ങളിലേക്കു തിരിയും. കണക്കെഴുത്ത് മുതലായ പ്രായോഗികവിഷയങ്ങളിൽ താൽപര്യമുള്ളവർ, പ്രത്യേകിച്ചും ദക്ഷിണകേരളത്തിൽ, സംസ്കൃതത്തിന്നു പകരം തമിഴ് ആണ് പഠിച്ചിരുന്നത്. സാധാരണക്കാരാകട്ടെ, നിലത്തെഴുത്തും ലളിതഗണിതപാഠങ്ങളും കഴിഞ്ഞാൽ രാമായണം വായിക്കാൻ പഠിച്ച്, പഠിപ്പവസാനിപ്പിക്കും. മുസ്ലീങ്ങളുടെ പഠിപ്പു മാത്രമേ ഇതിൽ നിന്നു വ്യത്യസ്തമായിരുന്നുള്ളൂ.

## സ്ക്കൂളുകൾ വരുന്നു

മലയാളത്തിലുള്ള ക്ലാസ്സിക്കുകൾ വായിച്ച് സാരം ഗ്രഹിക്കുന്നതിന്നുള്ള കഴിവ് ഈ പഠിപ്പ് മൂലം ലഭിച്ചിരുന്നതിനാലാണ്, "താരതമ്യേന മോശമല്ലാത്ത" എന്ന് ഈ ഭാഷാധ്യാപനരീതിയെ ആദ്യം വിശേഷിപ്പിച്ചത്. ഈ പശ്ചാത്തലത്തിന്നെതിരെയാണ് ഇവിടെ സ്ക്കൂളുകളുടെ സ്ഥാപനം. പ്രാഥമികഘട്ടത്തിൽ മലയാളവും അതിന്നുപരി ഇംഗ്ലീഷുമായിരുന്നു സ്ക്കൂളുകളിലെ മാധ്യമം. പ്രാഥമികഘട്ടത്തിലേക്ക്, ഇംഗ്ലീഷ് പാഠപുസ്തകങ്ങളുടെ രീതിയിൽ പാഠപുസ്തകങ്ങൾ ആദ്യമായി മലയാളത്തിലുണ്ടാക്കിയത് റവ. ഗുണ്ടർട്ട് ആയിരുന്നു. തിരുവിതാംകൂർ പ്രദേശത്ത് കേരളവർമ്മ വലിയകോയിത്തമ്പുരാൻ അധ്യക്ഷനായുള്ള പാഠപുസ്തകക്കമ്മററിയാണ് ഈ ചുമതല നിർവഹിച്ചത്. ഒന്നോ രണ്ടോ ക്ലാസ്സുകൾ കഴിയുമ്പോഴേക്ക്, കുടിപ്പള്ളിക്കൂടങ്ങളിൽ ചെയ്തിരുന്ന പോലെ, ക്ലാസ്സിക്കു

കളിലെ പ്രധാനഭാഗങ്ങൾ വായിച്ചു മനസ്സിലാക്കുവാൻ ഉതകും വിധമായിരുന്നു ഈ പാഠപുസ്തകങ്ങളുടെ രചന. പ്രാഥമികഘട്ടം കഴിഞ്ഞാൽ വിദ്യാർത്ഥി ഒരു കെ ല്ലത്തെ "പ്രിപ്പറേറ്ററി" ക്ലാസ്സിലിരുന്ന് ഇംഗ്ലീഷ് വശമാക്കുകയും; ഇംഗ്ലീഷ് മാധ്യമത്തിലൂടെ എല്ലാം പഠിപ്പിക്കുന്ന സെക്കണ്ടറി സ്കൂളിൽ ചേരുകയും ചെയ്യും.

സെക്കണ്ടറിസ്കൂളുകളിൽ പ്രാദേശികഭാഷകൾ ഉൾപ്പെടുത്തിയതു് ഒരു "പശ്ചാൽക്കാലചിന്ത" (after thought) എന്ന നിലയിലായിരുന്നു. എല്ലാ വിഷയങ്ങളും ഇംഗ്ലീഷിലൂടെ പഠിപ്പിക്കുമ്പോൾ, ഏതെങ്കിലുമൊരു ഭാരതീയഭാഷ കൂടി പഠിപ്പിക്കാതിരിക്കുന്നതു് ശരിയല്ലെന്ന് അധികൃതർക്കു തോന്നിയിരിക്കാം. പലപ്പോഴും ഈ ഭാരതീയഭാഷ പ്രാദേശികഭാഷയായിക്കൊള്ളണമെന്നില്ല. സംസ്കൃതം, അറബിക് മുതലായ ക്ലാസ്സിക്കൽ ഭാഷകളോ, ഫ്രഞ്ച് മുതലായ വിദേശീയ ഭാഷകളോ രണ്ടാം ഭാഷയായി എടുക്കാമായിരുന്നു. ഇപ്പോഴും ചില ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ഈ നില തുടരുന്നുണ്ടല്ലോ. ഭാഷകൾ പഠിപ്പിക്കുന്നതിന്നു് കുറഞ്ഞ ശമ്പളം കൊടുത്തു് "മുൻഷി"മാരെയോ "പണ്ഡിററു"മാരെയോ നിയമിക്കുകയായിരുന്നു പതിവ്. മററു് അധ്യാപകർക്കുള്ള സ്ഥാനമോ അവകാശങ്ങളോ ഇവർക്കുണ്ടായിരുന്നില്ല. ഒർത്ഥത്തിൽ "ക്ലാസ്ഫോർ" ജീവനക്കാരുടെയും അധ്യാപകരുടേയും ഇടയ്ക്കായിരുന്നു ഇവരുടെ പദവി. ഈ സ്ഥിതി ഇന്നും പൂർണ്ണമായി ഭേദപ്പെട്ടിട്ടുണ്ടെന്നു് പറഞ്ഞുകൂട. അധ്യാപകന്റെ പദവി അയാൾ പഠിപ്പിക്കുന്ന വിഷയത്തിന്റെ പദവിയിലും പ്രതിഫലിച്ചിരുന്നു. വിദ്യാർത്ഥി പഠിച്ചിരുന്ന മററു വിഷയങ്ങളുമായി രണ്ടാം ഭാഷക്കു് ഒരു ബന്ധവുമുണ്ടായിരുന്നില്ല. പ്രാദേശികഭാഷയെങ്കിൽ സന്ധിയും സമാസവും വൃത്തവും അലങ്കാരവും, ക്ലാസ്സിക്കൽ ഭാഷയെങ്കിൽ ലഘുവ്യാകരണം—ഇവയിലായിരുന്നു ഊന്നൽ. രണ്ടാം ഭാഷയിൽ സാഹിത്യാസ്വാദനമോ രചനയോ സംഭാഷണമോ സംബന്ധിച്ച പാടവം വിദ്യാർത്ഥികളിലുളവാക്കാൻ പോലും ഉദ്ദേശിച്ചിരുന്നില്ല.

ഇംഗ്ലീഷ് മീഡിയം സെക്കണ്ടറിസ്കൂളുകൾക്കു സമാന്തരമായി "വെർണാക്കുലർ" സ്കൂളുകളും പലേടത്തും സ്ഥാപിക്കപ്പെടുകയുണ്ടായി. തിരുവിതാംകൂറിലെ ഫയർ പരീക്ഷയും മലബാറിലെ 8-ാം സ്റ്റാൻഡേർഡും, ഇന്നും പൂർണ്ണമായി വിസ്മരിക്കപ്പെട്ടിട്ടില്ല. താഴ്ന്ന ക്ലാസ്സുകളിൽ താഴ്ന്ന ശമ്പളം വാങ്ങി ജോലിയെടുക്കുന്ന അധ്യാപകരെ, മുഖ്യമായും ഭാഷാധ്യാപകരെ, സൃഷ്ടിക്കുകയായിരുന്നു ഇത്തരം സ്കൂളുകളുടെ ലക്ഷ്യം. ഇവയിലെ പാഠ്യവ്യവസ്ഥ സാഹിത്യപരിചയത്തിന്നു പററിയതായിരുന്നുവെങ്കിലും, സാഹിത്യമെന്നാൽ സന്ധി-സമാസ-വൃത്താലങ്കാരങ്ങളിൽക്കവിഞ്ഞ എന്തെങ്കിലുമാണെന്ന ബോധം ഉളവാക്കത്തക്ക വിധത്തിലായിരുന്നില്ല അധ്യാപനം. കൊച്ചിസംസ്ഥാനത്തു് വെർണാക്കുലർ സ്കൂളുണ്ടായിരുന്നില്ലെങ്കിലും, ആർക്കും പ്രൈവററായി ചേരാവുന്ന "പണ്ഡിതപരീക്ഷ" നടത്തിപ്പോന്നു. സംസ്കൃത പഠനത്തിന്നു് പ്രത്യേകം സ്കൂളുകൾ കേരളത്തിന്റെ മൂന്നു വിഭാഗങ്ങളിലുമുണ്ടായിരുന്നു. പ്രാദേശികഭാഷാവിദ്യാലയങ്ങളേക്കാൾ ഇലോം മോശമായ നിലയിലാണിവ നടത്തിയിരുന്നതു്. ഇവയിലെ അധ്യാപകരുടെ ശമ്പളം ഏറക്കുറെ നാമമാത്രമായിരുന്നു. വിദ്യാർത്ഥികൾക്കു ഫീസ്സില്ല എന്നതു മാത്രമായിരുന്നു കൊച്ചിയിലും മലബാറിലും ഇവയുടെ ആകർഷണം. തിരുവിതാംകൂർ ഭാഗത്തു് സംസ്കൃതവിദ്യാലയങ്ങളിൽ ഫീസ്സുണ്ടായിരുന്നുവെങ്കിലും; അതു് നാമമാത്രമായിരുന്നു.



ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി ഹിന്ദീപ്രചാരണം ആരംഭിച്ചപ്പോൾ അതു് മിക്കവാറും ഒരു "സ്കൂൾപ്പുറ" വിദ്യാഭ്യാസമായിരുന്നു. ക്രമേണ സെക്കണ്ടറി സ്കൂൾ കരിക്കുലത്തിൽ ഹിന്ദിക്കു സ്ഥാനം നൽകപ്പെട്ടു. സംസ്കൃതം-മലയാളം മുൻഷിമാരുടെ കൂടെ ഒരു "ഹിന്ദി പണ്ഡിററ്" കൂടി സ്റ്റാഫിലുൾപ്പെടുത്തപ്പെട്ടു. ഹിന്ദി അധ്യാപകന്റെ പദവി ആദ്യകാലത്തെല്ലാം "പാർട്ടൈം" കാരന്റേതായിരുന്നു.

ഈ പഴയ ചരിത്രം വിവരിച്ചതു് ഒരു കാര്യം വ്യക്തമാക്കാനാണു്; നമ്മുടെ സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതിയിൽ ഇംഗ്ലീഷൊഴിച്ച് മറെറാരു ഭാഷയുടേയും സ്ഥാനം എന്തായിരിക്കണമെന്നു് നിഷ്കൃഷ്ടമായ ഒരു ചിന്ത ഇതുവരേയും നടക്കുകയുണ്ടായിട്ടില്ല; ഭാഷാപഠനത്തെ സമഗ്രമായ അധ്യയനപദ്ധതിയുമായി ഉദ്ഗ്രഥിച്ചിട്ടുമില്ല. ഇംഗ്ലീഷൊഴികെയുള്ള ഭാഷകൾ ഏറക്കുറെ രണ്ടാം തരം അതിഥികളോ ദരിദ്രബന്ധുക്കളോ ആയി ഈ പദ്ധതിക്കകത്തു വന്നു കുടിപാർപ്പുറപ്പിച്ചവയാണു്. "സഹിക്കപ്പെട്ടു" എന്നല്ലാതെ "സ്വാഗതം ചെയ്യപ്പെട്ടു" എന്നു് അവയെപ്പററി പറഞ്ഞുകൂട.

പ്രാദേശിക ഭാഷകളുടെ പ്രാധാന്യത്തിന്നു് സ്വാതന്ത്ര്യ പ്രസ്ഥാനം അടിവരയിട്ടു. ക്രമേണ സെക്കണ്ടറി തലത്തിൽ അധ്യയനമാധ്യമം പ്രാദേശിക ഭാഷകളായി. ത്രിഭാഷാപദ്ധതി തത്വത്തിൽ സ്വാതന്ത്ര്യയിൽ മിക്കവാറും എല്ലായിടത്തും അംഗീകരിക്കപ്പെട്ടു. കേരളത്തിൽ ഹിന്ദി ഒരു നിർബന്ധിത വിഷയമായിത്തീർന്നു. ഈ പരിവർത്തനങ്ങളോടൊപ്പം, വിദ്യാഭ്യാസത്തിന്റെ നിലവാരം അമ്പേ താഴ്ന്നു പോയിരിക്കുന്നു എന്ന മുറവിളി ഉയർന്നു. നിലവാരം ഉയർത്തുന്നവരുടെ ശ്രദ്ധ ആദ്യമായി പതിഞ്ഞതു് ഇംഗ്ലീഷിലാണു്. ഇംഗ്ലീഷധ്യാപകരെ ആധുനികാധ്യാപന രീതികളിൽ പരിശീലിപ്പിക്കുവാൻ ഇംഗ്ലീഷ് ഇൻസ്റ്റിററ്യൂട്ടുകൾ നാടു നീളെ സ്ഥാപിക്കപ്പെട്ടു. ബ്രിട്ടീഷ് കൗൺസിൽ മുതലായ വിദേശ സംഘടനകൾ ഈ പരിശ്രമത്തിൽ സഹകരിച്ചു. ഡയരക്ട് മെത്തേഡ്, പ്രോജക്ട് മെത്തേഡ് മുതലായ പല അധ്യാപനമാർഗ്ഗങ്ങളും ചർച്ചാവിഷയമായി. വിദ്യാർത്ഥികൾക്കു് തനി ഇംഗ്ലീഷ് രീതിയിലോ അമേരിക്കൻ രീതിയിലോ ഉച്ചരിക്കാറാവുക എന്നതാണു് സെക്കണ്ടറി സ്കൂളുകളിലെ ഇംഗ്ലീഷ് അധ്യാപനത്തിന്റെ മുഖ്യലക്ഷ്യം എന്നു വരെ കരുതപ്പെട്ടു.

ഇംഗ്ലീഷിനോടൊപ്പം കണക്കു്, സയൻസ്, സോഷ്യൽ സ്റ്റഡീസ് എന്നിവയുടെ നിലവാരം ഉയർത്തുന്നതിന്നും പിന്നീട് പരിശ്രമങ്ങളുണ്ടായി. എല്ലാ സ്റ്റേററുകളിലും വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സയൻസ് ഇൻസ്റ്റിററ്യൂട്ടുകളും എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂട്ടുകളും സ്ഥാപിക്കപ്പെട്ടു. ഇന്ത്യക്കു മുഴുവനുമായി എൻ. സി. ഇ. ആർ. ടി. നിലവിൽ വന്നു. കണക്കു്, സയൻസ്; സോഷ്യൽസ്റ്റഡീസ് എന്നിവയിലെ സിലബസ് അടിമുടി പരിഷ്കരിച്ചു. സിലബസ്സിനോടൊപ്പം അധ്യാപന പദ്ധതിയിലും മാററം വേണമെന്നായി. മാറിയ രീതിയിൽ പഠിപ്പിക്കുന്നതിന്നു് അധ്യാപകർക്കു് പരിശീലനം നൽകുവാനും പര്യാപ്തമായ തോതിലല്ലെങ്കിലും വ്യവസ്ഥകളുണ്ടായി.

ഇംഗ്ലീഷ് ഒഴികെ മററുള്ള ഭാഷകളുടെ പഠനത്തിൽ പറയത്തക്ക ശ്രദ്ധ ഇതു വരെ ആരും ചെലുത്തുകയുണ്ടായില്ല. ഭാഷകൾ പഠിപ്പിക്കുന്നതിന്റെ ലക്ഷ്യം എന്തായിരിക്കണമെന്നു് വിദ്യാഭ്യാസക്കമ്മീഷൻ സമഗ്രമായി നിർവചിച്ചിട്ടുണ്ടു്:

എങ്കിലും കമ്മീഷന്റെ നിർദ്ദേശങ്ങളനുസരിച്ച് ഭാഷാധ്യാപനത്തെ പുനസ്സംഘടിപ്പിക്കുന്നതിനുള്ള ശ്രമം ഇനിയങ്ങോട്ട് ഉണ്ടാവാനിരിക്കുന്നതേയുള്ളൂ.

നമ്മുടെ സ്കൂൾ വിദ്യാഭ്യാസത്തിന്റെ മാധ്യമം പ്രാദേശികഭാഷയായിക്കഴിഞ്ഞിട്ടുണ്ടല്ലോ. പ്രാദേശികഭാഷയോടൊപ്പം ഇന്ത്യയുടെ ഔദ്യോഗികഭാഷയായ ഹിന്ദിയും വിദേശങ്ങളിലേക്കു തുറക്കുന്ന വാതായനമായ ഇംഗ്ളീഷും നിർബന്ധമായിത്തന്നെ നമ്മുടെ വിദ്യാർത്ഥികൾ പഠിക്കേണ്ടതുണ്ട്. ഇവക്കു പുറമേ സംസ്കൃതം, അറബി മുതലായ ക്ലാസ്സിക്ക് ഭാഷകളും ഫ്രഞ്ച്, ജർമ്മൻ റഷ്യൻ തുടങ്ങിയ ആധുനികപാശ്ചാത്യഭാഷകളും, തമിഴ്, കന്നട; ബംഗാളി തുടങ്ങിയ ആധുനികഭാരതീയഭാഷകളും സ്കൂൾ നിലവാരത്തിൽ പഠിപ്പിക്കപ്പെട്ടു വരുന്നുണ്ട്. ഈ ഭാഷ ഓരോന്നും പഠിപ്പിക്കേണ്ടതു് എന്തു ലക്ഷ്യം മുൻനിർത്തിയായിരിക്കണമെന്നും ആ ലക്ഷ്യം നേടാൻ അവലംബിക്കേണ്ട രീതി എന്തെന്നും സംക്ഷിപ്തമായി പ്രതിപാദിക്കാം.

## പ്രാദേശികഭാഷ

ബ്രിട്ടീഷ് ഭരണകാലത്തു് ഇന്ത്യയിലെ സെക്കണ്ടറി വിദ്യാഭ്യാസത്തിൽ പ്രാദേശികഭാഷക്കു് കേന്ദ്രസ്ഥാനം നൽകപ്പെട്ടിരുന്നില്ലെന്നും, മററു വിഷയങ്ങളുമായി അതിനെ ഉദ്ഗ്രഥിക്കാൻ പോലും ശ്രദ്ധിച്ചിരുന്നില്ലെന്നും പ്രസ്താവിക്കുകയുണ്ടായല്ലോ. ഇന്ന് ഈ സ്ഥിതിക്കു് കുറെയൊക്കെ വ്യത്യാസം വന്നിരിക്കുന്നു. എല്ലാത്തരം അറിവുകളും സംഭരിക്കുന്നതിന്ന് സ്കൂൾ വിദ്യാർത്ഥി ഇന്ന് ആശ്രയിക്കുന്നതു് പ്രാദേശികഭാഷയെയാണ്. സംഭരിച്ച അറിവിന്ന് വാക്കുകളിലൂടെ രൂപം കൊടുത്തു് മൂർത്തമായി ആവിഷ്ക്കരിക്കുന്നതിന്നുള്ള ഉപാധിയും പ്രാദേശികഭാഷ തന്നെ. അവബോധം, ആവിഷ്ക്കരണം എന്ന ഈ രണ്ടു പ്രക്രിയകളെ "ലിറററസി" എന്ന സങ്കല്പനയിൽ വിദ്യാഭ്യാസക്കമ്മീഷൻ സംയോജിപ്പിച്ചിരിക്കുന്നു. വിദ്യാഭ്യാസ വ്യവസ്ഥയുടെ നാലു തൂണുകളായിരിക്കേണ്ടതു് ലിറ്ററസി, ന്യൂമറസി, പ്രവൃത്തി പരിചയം (work experience), സാമൂഹ്യസേവനം (social service) എന്നിവയാണെന്ന് കോഠാരി കമ്മീഷൻ തങ്ങളുടെ റിപ്പോർട്ടിൽ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ അറിവുകൾ സംഭരിക്കുന്നതിന്നുള്ള ഉപാധിയെന്ന പദവി മാത്രം അല്ല പ്രാദേശികഭാഷക്കു് സ്കൂൾവിദ്യാഭ്യാസത്തിലുള്ളതു്. വിദ്യാർത്ഥിയുടെ സംസ്ക്കാരം രൂപവൽക്കരിക്കുന്നതിൽ ഏററവുമധികം പങ്കുള്ള വിഷയം പ്രാദേശികഭാഷാസാഹിത്യമത്രേ. സംസ്കാരാധാനത്തിന്ന്, പ്രത്യേകിച്ചും കൗമാരപ്രായത്തിൽ, മാതൃഭാഷാസാഹിത്യം പോലെ കരുത്തുററ മറെറാരുപാധിയില്ല. അതിനാൽ വിജ്ഞാനസമ്പാദനത്തിന്നുള്ള മാർഗമെന്ന പോലെ, സംസ്കാരരൂപവൽക്കരണത്തിന്നുള്ള പ്രക്രിയയെന്ന നിലക്കും പ്രാദേശികഭാഷാപഠനത്തെ നാം കാണേണ്ടിയിരിക്കുന്നു.

എന്താണ് സംസ്കാരം? സൗന്ദര്യവും സത്യവും നന്മയും ക്രമവും കാണാനും അവയെ സ്നേഹിക്കാനും അവയെ വിടാതെ പിടിക്കാനുമുള്ള കഴിവ് എന്നു സംസ്കാരത്തെ വ്യാപകമായി നിർവചിക്കാം. ഒരർത്ഥത്തിൽ സാഹിത്യപഠനവും സംസ്കാരാധാനവും ഒരേ പ്രക്രിയയുടെ രണ്ടു പേരുകൾ മാത്രമാണ്. വിജ്ഞാനസമ്പാദനത്തിന്റെ മാർഗ്ഗമായ പ്രാദേശികഭാഷാപഠനം സംസ്കാരാധാനത്തെ സംബന്ധിച്ചിടത്തോളം ലക്ഷ്യം തന്നെയായിത്തീരുന്നു. അങ്ങിനെ പ്രാദേശികഭാ



ഷാപഠനം ഒരു മാർഗ്ഗമെന്ന പോലെ സ്വയം ഒരു ലക്ഷ്യവുമാണ്. മാർഗ്ഗമെന്ന നിലയിൽ പഠിക്കുന്നതു് ഭാഷയും ലക്ഷ്യമെന്ന നിലയിൽ പഠിക്കുന്നതു് സാഹിത്യവുമാകുന്നു.

സ്കൂളുകളിലെ പ്രാദേശികഭാഷാപഠനത്തെ ഭാഷാപഠനമെന്നും സാഹിത്യപഠനമെന്നും വകതിരിച്ചു രണ്ടായി നാം കണ്ടു തുടങ്ങിയിട്ടില്ല. എന്നാൽ പ്രാദേശിക ഭാഷ അധ്യയനമാധ്യമമായി എത്രയോ കാലമായി നടപ്പിലുള്ള സ്വതന്ത്ര രാജ്യങ്ങൾ ഇങ്ങിനെയൊരു വിഭേദനം അംഗീകരിച്ചിട്ടുണ്ട്. ഉദാഹരണത്തിന്ന്, സോവിയററ് റഷ്യയിലെ സ്റ്റാൻഡേർഡ് സ്കൂൾ കരിക്കുലമെടുക്കുക. 1967-68-ൽ ഈ കരിക്കുലത്തിൽ റഷ്യൻ ഭാഷക്കും സാഹിത്യത്തിന്നും താഴെ പറയും വിധം സമയം നീക്കി വെച്ചിരുന്നു.

| ക്ലാസ് | ആഴ്ചയിൽ ആകെ പീരിയേഡ് | റഷ്യൻ ഭാഷ ആഴ്ചയിൽ പീരിയേഡ് | റഷ്യൻ സാഹിത്യം ആഴ്ചയിൽ പീരിയേഡ് |
|---|---|---|---|
| 1 | 24 | 12 | — |
| 2 | 24 | 10 | — |
| 3 | 24 | 10 | — |
| 4 | 24 | 6 | 2 |
| 5 | 30 | 6 | 2 |
| 6 | 30 | 3 | 2 |
| 7 | 32 | 3 | 2 |
| 8 | 34 | 2 | 3 |
| 9 | 36 | 2/0 | 4 |
| 10 | 36 | — | 3 |

1, 2, 3 എന്നീ ക്ളാസ്സുകളിൽ ഭാഷാപഠനം മാത്രമേയുള്ളൂ. 4, 5 ക്ളാസ്സുകളിൽ ഭാഷാ പഠനത്തിന്നാണ് പ്രാധാന്യം (ആഴ്ചയിൽ 6 പീരിയേഡ്); എങ്കിലും സാഹിത്യപഠനം 4-ാം ക്ളാസ്സു മുതൽ തുടങ്ങുന്നു. 8-ാം ക്ളാസ്സിൽ ആഴ്ചയിൽ 2 പീരിയേഡ് ഭാഷാപഠനവും 3 പീരിയേഡ് സാഹിത്യപഠനവുമാണ്. 9-ാം ക്ളാസ്സിൽ ഭാഷ പഠിക്കുകയോ (2 പീരിയേഡ്) പഠിക്കാതിരിക്കുകയോ ആകാം; പക്ഷേ 4 മണിക്കൂർ സാഹിത്യപഠനം നിർബന്ധമാണ്. 10-ാം സ്റ്റാൻഡേർഡിൽ ഭാഷാപഠനമില്ല, സാഹിത്യപഠനമേയുള്ളൂ.

പഠിക്കാൻ സംസ്കൃതം പോലെയോ അതിലധികമോ പ്രയാസമുള്ള ഒരു ഭാഷയാണ് റഷ്യൻ എന്നോർക്കണം. റഷ്യൻഭാഷ തെററു കൂടാതെ എഴുതാറാവാൻ വളരെയധികം പ്രയത്നമാവശ്യമാണ്. എന്നിട്ടും ഏഴു കൊല്ലം കൊണ്ട് അവർ ഭാഷാപഠനം ഏറെക്കുറെ പൂർത്തിയാക്കി വിദ്യാർത്ഥികളെ സാഹിത്യപഠനത്തിന്നു വിടുന്നു.

സോവിയറ്റ് റഷ്യയിലെ ഭാഷാ പഠനരീതി നമുക്കും അംഗീകാര്യമാണെന്ന് ഞാൻ കരുതുന്നു. ഇതു് സ്വീകരിക്കുന്നപക്ഷം ഒന്നു മുതൽ നാലു വരെ സ്റ്റാൻഡേർഡുകളിൽ നാം വിദ്യാർത്ഥികളെ മലയാളം വായിക്കാനും, ലളിത വാക്യങ്ങൾ രചിക്കാനും പഠിപ്പിക്കുന്ന ഈ ഘട്ടത്തിൽ വർഗ്ഗീകൃത പദാവലികൾ (graded vocabulary) ഉപയോഗിച്ചുള്ള പാഠപുസ്തകങ്ങൾക്കായിരിക്കും പ്രാധാന്യം. 5 മുതൽ 7

വരെയുള്ള മൂന്നു സ്റ്റാൻഡേർഡുകളിൽ ആവശ്യമുള്ള വ്യാകരണ കാര്യങ്ങൾ-സന്ധി, സമാസം, കൃത്ത്, തദ്ധിതൻ, വാക്യരചനാ വിശേഷങ്ങൾ; വൃത്തം, അലങ്കാരം-പഠിപ്പിക്കുന്നതോടെ, മലയാളത്തിലെ ഗദ്യപദ്യാത്മകസാഹിത്യത്തിലേയ്ക്ക് പൊതുവെ ഉൾക്കാഴ്ച നൽകുകയും ചെയ്യും. 8, 9, 10 സ്റ്റാൻഡേർഡുകളിൽ പഠിപ്പിക്കുക ഭാഷയല്ല, സാഹിത്യമാണ്.

സാഹിത്യം ഇപ്പോൾത്തന്നെ നാം പഠിക്കുന്നില്ലേ? ഇല്ലെന്നു പറഞ്ഞുകൂട; പക്ഷേ സാഹിത്യമെന്ന നിലയ്ക്കല്ല എന്നുമാത്രം. സംസ്കൃതത്തിന്റെ ചേരുവയോ ഭാഷയുടെ പഴക്കമോ ആണ് നമ്മെ സംബന്ധിച്ചിടത്തോളം "സാഹിത്യ"ത്തിന്റെ അളവുകോൽ. സംസ്കൃതപദങ്ങൾ ഏറുകയോ ഭാഷയുടെ പഴക്കം ഏറുകയോ ചെയ്യുന്ന തോതിന് മലയാളത്തിലെ പദ്യത്തിന്നോ ഗദ്യത്തിന്നോ ഉയർന്ന ക്ലാസ്സുകളിൽ പ്രവേശനം നൽകപ്പെടുന്നു. ജനതയുടെ സംസ്കാരത്തിന്റെ ആവിഷ്ക്കാരമായോ സാമൂഹ്യജീവിതത്തിന്റെ ആശയതലത്തിലുള്ള പ്രതിഫലനമായോ സാഹിത്യത്തെ നാം കാണുന്നില്ല. അതിനാൽ നമ്മുടെ സാഹിത്യപഠനം നമ്മുടെ സംസ്കാരപഠനത്തിന്റെ ഭാഗമായിത്തീരുന്നുമില്ല. ഈ സാഹിത്യപഠനത്തിൽ നിന്ന് കിട്ടുന്ന സംസ്കാരാധാനം തുച്ഛമാണു താനും.

സോവിയററ് റഷ്യയിൽ സാഹിത്യം പഠിപ്പിക്കുന്നതു് റഷ്യൻജനതയുടെ സംസ്കാരത്തിന്റെ ആവിഷ്കാരമെന്ന നിലയ്ക്കും റഷ്യക്കാരുടെ ചരിത്രവുമായി ബന്ധപ്പെടുത്തിയുമാണ്. വിപ്ലവപൂർവസാഹിത്യം, വിപ്ലവകാലസാഹിത്യം, സോഷ്യലിസ്റ്റ് പുനർനിർമാണ കാലസാഹിത്യം എന്ന് സാഹിത്യത്തെ വിശാലമായ മൂന്നു ഘട്ടങ്ങളാക്കിത്തിരിക്കുകയും ഈ ഓരോ ഘട്ടത്തിന്റെയും സവിശേഷസ്വഭാവമുൾക്കൊള്ളുന്ന സാഹിത്യകൃതികളിൽ നിന്നുള്ള തിരഞ്ഞെടുത്ത ഭാഗങ്ങളും ഒന്നോ രണ്ടോ സമ്പൂർണകൃതികളും സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ അവസാനഘട്ടത്തിൽ ഓരോ ആണ്ടിലും പഠിപ്പിക്കുകയുമാണവിടെ ചെയ്യുന്നതു്. ഇതിൻ ഫലമായി സോവിയററ് യൂണിയനിൽ സെക്കണ്ടറി വിദ്യാഭ്യാസം കഴിഞ്ഞു പുറത്തു വരുന്ന ഒരു വിദ്യാർഥിക്ക് റഷ്യൻ സാഹിത്യത്തെപ്പറ്റി വ്യക്തമായ ബോധമുണ്ടാവുന്നു; അതിലെ ഉൽകൃഷ്ടകൃതികളുമായി അയാൾ മുഖപരിചയം നേടുന്നു; സമകാലസാഹിത്യകാരന്മാരേയും കൃതികളേയും അയാൾ കൂടുതൽ മനസ്സിലാക്കുകയും ചെയ്യുന്നു. അതിനാൽ അയാൾക്ക് സ്വന്തം കാലഘട്ടത്തിലെ സാഹിത്യകാരന്മാരുടെ നല്ല കൃതികൾ സ്വയം കണ്ടെത്താനും ആസ്വദിക്കാനും ആത്മസാൽക്കരിക്കാനും കഴിയുന്നു; അയാൾ സ്വന്തം നാട്ടിലെ സമകാലസാംസ്കാരിക പരിസ്ഥിതിയുമായി പൊരുത്തപ്പെടുന്നു; അതിലേക്കു തന്റെ സംഭാവനകൾ നൽകുന്നു.

ഭൂതകാലത്തിൽ നിന്ന് വർത്തമാനകാലത്തിലേയ്ക്കുള്ള ഈ വരവു മാത്രമേ സാഹിത്യ പഠനത്തിൽ പ്രയോജനകരമാവുകയുള്ളു. നാം ജീവിക്കുന്നതു് ഇപ്പോഴാണ്, ഈ നിമിഷത്തിലാണ്. ഇന്നത്തെ സാഹിത്യമാണ് നമ്മെ സംബന്ധിച്ചിടത്തോളം അർഥവത്തായ സാഹിത്യം. ഇന്നത്തെ സാഹിത്യത്തിൽ മൂല്യവത്തായതേതോ, അതുമായി പരിചയപ്പെടുകയും, അതാസ്വദിക്കാനും അതിലേക്കു സ്വന്തം സംഭാവന നൽകാനുള്ള കഴിവു നേടുകയും ചെയ്യുന്നതു വഴി മാത്രമേ സമകാല സംസ്കാരത്തിൽ ഫലപ്രദമായി ഇടപെടാനുള്ള കഴിവ് വിദ്യാർഥിയ്ക്ക് കൈവരൂ. പക്ഷേ ഇന്ത്യയിലെ സ്കൂളുകളിലെ "സാഹിത്യപഠനം" ഇതിനു നേർ വിപരീതമായ ദിശയിലാണ്. ഇന്നിൽ നിന്ന് ഇന്നലെയിലേക്കുള്ള പ്രയാണമത്രേ



നമ്മുടെ സാഹിത്യപഠനം. താഴ്ന്ന ക്ലാസ്സുകളിൽ സമകാലസാഹിത്യകൃതികൾ നാമും പഠിക്കുന്നുണ്ടാവും. ക്ലാസ്സ് ഉയരും തോറും നാം കിളിപ്പാട്ടിലേക്കും ചമ്പുവിലേക്കും രാമചരിതത്തിലേക്കും മററും കാലത്തിലൂടെ പിന്നോട്ട് പിന്നോട്ട് പോകുന്നു. സന്ധിയും സമാസവും വൃത്തവും അലങ്കാരവും പറയാനുള്ള സൗകര്യമാണ് ഇവിടെ ഉയർന്ന ക്ലാസിൽ പ്രയോജനപ്പെടുത്തേണ്ട പാഠഭാഗങ്ങളുടെ മാനദണ്ഡമായി നാം കൈക്കൊണ്ടിട്ടുള്ളതു്. ഇതിന്റെ ഫലമോ? കേരളത്തിൽ സെക്കണ്ടറി സ്കൂൾ വിട്ടു വരുന്ന ഒരു വിദ്യാർഥിക്ക് സമകാലസാഹിത്യവുമായി ഒരു പരിചയവുമുണ്ടാകുന്നില്ല. അതുനിമിത്തം, സമകാലസാഹിത്യത്തിലെ അർഥവത്തായ ഭാഗങ്ങൾ തിരഞ്ഞുപിടിച്ചു വായിക്കുന്നതിനു പകരം, പഠിച്ച ചെറുപ്പക്കാരിൽ ഭൂരിഭാഗവും, വിലകുറഞ്ഞ സെക്സും സിനിമയുമാണ്, അതു് മാത്രമാണ്, സാഹിത്യത്തിൽ അന്വേഷിക്കുന്നതു്. സാഹിത്യത്തിലേക്കു സ്വന്തം സംഭാവന നൽകുന്ന കാര്യം പറയാനുമില്ല.

ഇതിനു പകരം പ്രാചീനകാലം, സ്വാതന്ത്ര്യസമരകാലം; സ്വാതന്ത്ര്യാനന്തരകാലം എന്ന് നമ്മുടെ സാഹിത്യത്തെ നാം മൂന്നു ഘട്ടമായി തിരിക്കുന്നു എന്നു വെയ്ക്കുക. എഴുത്തച്ഛൻ, നമ്പ്യാർ മുതലായ കവികളെയും, ചന്തുമേനോൻ, സി. വി. മുതലായ ഗദ്യകാരന്മാരെയും ഒന്നാം ഘട്ടത്തിലുൾപ്പെടുത്തി, അവരുടെ കൃതികളിൽ നിന്നുള്ള തിരഞ്ഞെടുത്ത ഭാഗങ്ങളും, ഏതെങ്കിലുമൊരു സമ്പൂർണ കൃതിയും 8-ാം ക്ലാസ്സിൽ നാം പഠിപ്പിക്കുന്നു. ആശാൻ, ഉള്ളൂർ, വള്ളത്തോൾ മുതലായ കവികളുടെയും തകഴി, ബഷീർ, കേശവദേവ്, സഞ്ജയൻ മുതലായ ഗദ്യകാരന്മാരുടെയും കൃതികളുമായി 9-ാം ക്ലാസ്സിൽ വിദ്യാർഥിയെ പരിചയപ്പെടുത്തുന്നു. ഇന്നും എഴുതിക്കൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട കവികളെയും ഗദ്യകാരന്മാരെയും 10-ാം സ്റ്റാൻഡേർഡിൽ വെച്ച് വിദ്യാർഥിക്കു പരിചയപ്പെടുത്തിക്കൊടുക്കുന്നു. ഇങ്ങിനെയുള്ള സെക്കണ്ടറി സ്കൂൾപ്പഠിപ്പു കഴിഞ്ഞു് പുറത്തു വരുന്ന ഒരു യുവാവ് ഒരു പുസ്തകശാലയിൽ ചെന്നാൽ, പുതിയ പ്രസിദ്ധീകരണങ്ങളിൽ സാമാന്യം സാംസ്കാരിക മൂല്യങ്ങളുള്ളവ ഏവയെന്ന് അയാൾക്ക് മററാരും പറഞ്ഞു കൊടുക്കേണ്ടി വരികയില്ല. സ്വന്തം കാലഘട്ടവുമായി വിവേകത്തോടെ പ്രതികരിക്കാനും ഈ കാലത്തിലെ നല്ല പ്രവണതകൾ അനായാസമായി ഉൾക്കൊള്ളാനും അതിലേക്കു തന്റെ വരി കൊടുക്കാനുമുള്ള പരിശീലനം അയാൾക്കു കിട്ടിക്കഴിഞ്ഞിരിക്കും. സാഹിത്യ പഠനത്തിന്റെ സാംസ്കാരികമൂല്യം ഇതാകുന്നു.

ഈ ലക്ഷ്യം മുൻനിർത്തി കേരളത്തിലെ സെക്കണ്ടറി സ്കൂളുകളിൽ പ്രാദേശികഭാഷാ പഠനം പുനസ്സംവിധാനം ചെയ്യണമെന്നാണ് എനിക്കു പറയുവാനുള്ളതു്. ഇന്നത്തെ പരിസ്ഥിതിയുമായി പറയത്തക്ക ബന്ധമില്ലാത്ത കൃതികൾ സാഹിത്യത്തിൽ പ്രത്യേകപഠനം നിർവഹിക്കുന്നവർ മാത്രമേ പഠിക്കേണ്ടതുള്ളു.

## ഇംഗ്ലീഷ്

രണ്ടാം ഭാഷയായി നാം പഠിക്കുന്നതു് ഇംഗ്ലീഷാണല്ലോ. രണ്ടാം ഭാഷയായി ഹിന്ദി പഠിപ്പിക്കുന്ന (ഇംഗ്ലീഷ് മൂന്നാം ഭാഷ) സെക്കണ്ടറി സ്കൂളുകൾ കൂടി ഉണ്ടാവണമെന്ന് വിദ്യാഭ്യാസക്കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടെങ്കിലും ആ ശുപാർശ ഇന്ത്യയിൽ ഒരു സ്റ്റേററും നടപ്പിലാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല.

ഇംഗ്ലീഷിന്നു് വിദ്യാഭ്യാസക്കമ്മീഷൻ നൽകിയിരിക്കുന്ന സ്ഥാനം "ലൈബ്രറി ഭാഷ"യുടേതാണു്. ആവശ്യമുള്ള വിഷയങ്ങളിൽ കൂടുതൽ പരിജ്ഞാനം നേടുന്നതിനായി ഇംഗ്ലീഷ് പുസ്തകങ്ങൾ വായിച്ചു് സാരം ഗ്രഹിക്കാൻ വിദ്യാർഥിക്കു പ്രാപ്തി നൽകുകയാണു് സ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന്റെ ലക്ഷ്യം എന്നാണു് ഇംഗ്ലീഷ് ലൈബ്രറി ഭാഷയാണെന്നു പറയുന്നതിന്റെ അർഥം.

ഇതംഗീകരിച്ചു കഴിഞ്ഞാൽ, ഇംഗ്ലീഷ് പഠിപ്പിന്റെ "നിലവാരം" ഉയർത്താൻ വേണ്ടി ഇംഗ്ലീഷ് ഇൻസ്റ്റിററ്യൂട്ടുകളും ഇന്നു് അംഗീകരിച്ചു കാണുന്ന മററു പല പരിപാടികളും മിക്കവാറും അസ്ഥാനസ്ഥങ്ങളാണെന്നു് മനസ്സിലാക്കാൻ വിഷമമില്ല. ഇംഗ്ലീഷിലൂടെ ആശയാവിഷ്ക്കരണത്തിനുള്ള കഴിവു് ഇന്ത്യയിലെ വിദ്യാർഥിക്കുണ്ടായാൽ നല്ലതു തന്നെ. പക്ഷേ ആശയാവിഷ്കരണമല്ല, ആശയസ്വീകരണമാണു് ഇന്ത്യയിൽ ഇന്നു് ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന്റെ മുഖ്യോദ്ദേശ്യം. ഓക്സ്ഫോർഡ് ആക്സെന്റിലുള്ള സംസാരത്തിലും സ്ട്രക്ചറൽ സമീപനത്തിലും ഊന്നുന്ന ഒരു പഠന രീതിയല്ല ആശയസ്വീകരണമെന്ന ലക്ഷ്യം നേടാൻ സഹായിക്കുക. ആശയസ്വീകരണമെന്ന ലക്ഷ്യത്തോടെയുള്ള ഇംഗ്ലീഷധ്യാപനത്തിന്നു് ഡയറക്റ്റ് മെത്തേഡ് തികച്ചും അനുപയുക്തമാണെന്നും പറയേണ്ടിയിരിക്കുന്നു. ശബ്ദാവലീമുഖമായ (Vocabulary oriented) അധ്യാപനമാണു് ഇവിടെ ആവശ്യം. കൂടുതൽ ഇംഗ്ലീഷു വാക്കുകൾ വിദ്യാർഥിക്കു് ചുരുങ്ങിയ സമയത്തിൽ മനസ്സിലാക്കിക്കൊടുക്കുക; വാക്യഘടന, പ്രത്യേകിച്ചു് വാക്യങ്ങളിലെ അർഥഘടന, അവർക്കു പരിചിതമാക്കുക—ഇതാണു് ആവശ്യം. ഇതിന്നു് ഡയറക്റ്റ് മെത്തേഡ് അല്ല, തർജ്ജമ രീതി (translation method) ആണു് ഉപകരിക്കുക. വിദ്യാർഥികൾ കൂടുതൽക്കൂടുതൽ ഇംഗ്ലീഷ് പുസ്തകങ്ങൾ വായിക്കുകയും, വായിച്ച വാക്യങ്ങൾ വാചികമായും എഴുത്തിലൂടെയും പ്രാദേശിക ഭാഷയിലേക്കു വിവർത്തനം ചെയ്തു പരിചയിക്കുകയും വേണം. ഇംഗ്ലീഷിലെ പാഠപുസ്തകങ്ങൾ തിരഞ്ഞെടുക്കുമ്പോൾ, ക്ലാസ്സിക്കുകളും കവിതകളും തികച്ചും അവഗണിക്കുന്നതിൽ ഒരു തെററുമില്ല. ഷെക്സ്പിയറുടെ ഒരു ട്രാജഡി പഠിപ്പിക്കാൻ കളയുന്ന ഒരു കൊല്ലം, ആധുനികവിജ്ഞാന ശാഖകളിലൊന്നിനെ തികച്ചും സാങ്കേതികമല്ലാതെ അവതരിപ്പിക്കുന്ന ഒന്നോ രണ്ടോ നല്ല ഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നതിനായി ചെലവഴിക്കുന്നതു് എത്രയോ അധികം പ്രയോജനകരമാണു്. ഇംഗ്ലീഷ്സാഹിത്യത്തിൽ പ്രത്യേക പഠനം നടത്താനാഗ്രഹിക്കുന്നവർ മാത്രമേ ഷേക്സ്പിയർക്കും മിൽട്ടന്നും ഷെല്ലിക്കും കീററ്സിന്നും വേണ്ടി മെനക്കെടേണ്ടു. ഭൂരിപക്ഷം വിദ്യാർഥികൾക്കും അന്നന്നത്തെ ഇംഗ്ലീഷ് പത്രം വായിച്ചു് വിഷയം ശരിക്കു് ഉൾക്കൊള്ളാൻ കഴിഞ്ഞാൽ അതായിരിക്കും സെക്കണ്ടറി തലത്തിൽ ഇംഗ്ലീഷ് പഠനത്തിന്റെ സാഫല്യം. അതിനാൽ ഇംഗ്ലീഷ് പാഠപുസ്തകങ്ങളിൽ നിന്നു് കവിതകൾ പൂർണമായും ബഹിഷ്ക്കരിക്കുകയും, അവ പ്രയാസപ്പെട്ടു പഠിപ്പിക്കാൻ ചിലവാക്കുന്ന സമയം നിലവാരമുള്ള ഇംഗ്ലീഷ് പത്രങ്ങൾ, വാരികകൾ, മാസികകൾ എന്നിവയിൽ വിദ്യാർഥികൾക്കു താൽപര്യം ജനിപ്പിക്കുവാനായി ചെലവഴിക്കുകയും വേണം. ഇന്ത്യൻ സ്കൂളുകളിൽ ഇംഗ്ലീഷ്ഭാഷാപഠനം പ്രായോഗികമായ ഒരാവശ്യത്തെയാണു്, അല്ലാതെ സാംസ്കാരാധാനത്തെയല്ല, ലക്ഷ്യമാക്കുന്നതു് എന്നു് ഒരിക്കലും മറന്നു കൂടാ.



## ഹിന്ദി

അഹിന്ദീപ്രദേശങ്ങളിലെ സ്കൂളുകളിൽ ത്രിഭാഷാപദ്ധതിയനുസരിച്ചു് ഹിന്ദി പഠിപ്പിക്കുന്നതു് സമ്പർക്കഭാഷയെന്ന നിലയ്ക്കാണു് (link language). മുമ്പ് ഇവിടെ ഹിന്ദി പ്രചരിപ്പിച്ചിരുന്നതു് രാഷ്ട്രഭാഷയെന്ന പേരിലായിരുന്നു. ഇപ്പോൾ ആ സ്ഥിതി മാറിയിരിക്കുന്നു. ഇന്ത്യയിൽ പതിനാലു മുഖ്യ ഭാഷകൾ ഉള്ളവ എല്ലാം ഇന്ത്യയിലെ രാഷ്ട്രഭാഷകൾ തന്നെ. രാഷ്ട്രഭാഷകളുടെ കൂട്ടത്തിൽ ഒന്നെന്ന നിലയേ ഇന്നു് ഹിന്ദിക്കുള്ളു. എങ്കിലും ഇന്ത്യയിലെ വലിയൊരു വിഭാഗം ജനങ്ങൾ ഹിന്ദി സംസാരിക്കുന്നു. ഭൂരിഭാഗവും ഹിന്ദി മനസ്സിലാക്കുകയും ചെയ്യുന്നു. അതിനാൽ കേന്ദ്രസർക്കാരിന്റെ ഭരണഭാഷയായി ഹിന്ദി അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യയിലെ മററു ഭാഗങ്ങളിലുള്ള സാധാരണ ജനങ്ങളുമായി സമ്പർക്കം സ്ഥാപിക്കുന്നതിനും കേന്ദ്രഗവൺമെന്റുമായി ഇടപെടുന്നതിനും ഉള്ള ഭാഷയെന്ന നിലയിലാണു് നാം ഹിന്ദി പഠിക്കേണ്ടതു്. സമ്പർക്കഭാഷയെന്ന സങ്കൽപത്തിന്റെ സാരം ഇതാണു്. ഇങ്ങനെ പഠിക്കുമ്പോൾ, ഹിന്ദി സംസാരിക്കുക; സംസാരം കേട്ടു മനസ്സിലാക്കുക, വർത്തമാനപത്രങ്ങളും മററും വായിച്ചു് ആശയം ഗ്രഹിക്കുക—ഇതിലായിരിക്കണം ഊന്നൽ. ഇംഗ്ലീഷെന്ന പോലെ ഹിന്ദിയും സംസ്കാരാധാനത്തിനുള്ള ഉപാധിയെന്ന നിലയിൽ നമ്മുടെ സ്കൂളുകളിൽ പഠിപ്പിക്കേണ്ടതില്ല. ഹിന്ദിഭാഷയിലും സാഹിത്യത്തിലും സ്പെഷലൈസ് ചെയ്യുന്നവർ മാത്രമേ ഹിന്ദി കവിത പഠിക്കേണ്ടു—പ്രത്യേകിച്ചും ആധുനിക ഹിന്ദിയിൽ നിന്നു് വളരെയധികം വ്യത്യാസമുള്ള, അന്യഭാഷകളെന്നു പോലും പറയാവുന്ന, അവധിയിലും വ്രജഭാഷയിലുമുള്ള കവിതകൾ. ഇത്തരം കവിതകൾ നീക്കി തികച്ചും പ്രായോഗികമായ അടിസ്ഥാനത്തിൽ ഹിന്ദി പാഠപുസ്തകങ്ങൾ പുനസ്സംവിധാനം ചെയ്യണം. റേഡിയോവിലൂടെയുള്ള ഹിന്ദിവാർത്താപ്രക്ഷേപണങ്ങൾ കേൾക്കുക സ്കൂളുകളിലെ ഹിന്ദിപഠിപ്പിന്റെ ഒരു ഭാഗമാകണം. വർത്തമാനപത്രങ്ങൾ വായിച്ചു മനസ്സിലാക്കാനുള്ള സൗകര്യവും ഹിന്ദിവിദ്യാർഥികൾക്കു നൽകണം. സാധാരണ വിഷയങ്ങളെപ്പററി ഹിന്ദിയിൽ സംസാരിക്കാനും ഹിന്ദിയിൽ മററുള്ളവർ സംസാരിക്കുന്നതു കേട്ടു മനസ്സിലാക്കാനും ഹിന്ദി പത്രങ്ങൾ വായിച്ചു സാരം ഗ്രഹിക്കാനുമുള്ള കഴിവു കൂടി പരീക്ഷിക്കപ്പെടണം. ഇങ്ങനെ ഹിന്ദി ഭാഷാപഠനം പുതിയൊരസ്തിവാരത്തിൽ പടുത്തുയർത്താത്ത പക്ഷം അതു കൊണ്ടുള്ള പ്രയോജനം വളരെ വളരെ സീമിതമായിരിക്കുകയേ ഉള്ളൂ. ഇന്നു നമ്മുടെ സെക്കണ്ടറി സ്കൂളുകളിലെ ഹിന്ദി അധ്യാപനം വല്ല പ്രയോജനവും നിർവഹിക്കുന്നുണ്ടോ എന്നു് സംശയമാണു്. ഏതാനും ആയിരം അധ്യാപർക്കു് അതു ജോലി നൽകുന്നു എന്നതു ശരി തന്നെ. പക്ഷേ അത്രയും പ്രയോജനം മതിയോ ഹിന്ദി അധ്യാപനത്തിനു് ?

## സംസ്കൃതം മുതലായവ

സംസ്കൃതം, അറബി മുതലായ ക്ലാസ്സിക്കു് ഭാഷകൾക്കു് നമ്മുടെ പൊതുവിദ്യാഭ്യാസ പദ്ധതിയിൽ സീമാന്തഉപയുക്തതയേ ഇനിമേൽ ഉണ്ടാവൂ. ഈ ഭാഷകൾ എല്ലാവർക്കും പഠിക്കാനുള്ളവയല്ല; അവയിൽ താൽപര്യമുള്ള വിദ്യാർഥികൾ മാത്രം അവ പഠിച്ചാൽ മതിയാവും.

സംസ്കൃതം ഐച്ഛികമായെടുത്ത മേൽപോട്ട പഠിക്കണമെന്നാഗ്രഹമില്ലാത്തവരെ സംബന്ധിച്ചിടത്തോളം സ്കൂളുകളിലെ സംസ്കൃതപഠനത്തിന്റെ മുഖ്യമായ ഉദ്ദേശം ആ ഭാഷയിലെ ലളിത ഗ്രന്ഥങ്ങൾ വായിച്ചു മനസ്സിലാക്കാൻ കഴിവുണ്ടാകലും, അതിലേറെ പ്രാദേശികഭാഷ ശരിക്കു മനസ്സിലാക്കാനും ശരിക്കു പ്രയോഗിക്കാനും കഴിവു നേടലുമാണ്. ഇന്ത്യയിലെ എല്ലാ പ്രാദേശികഭാഷകളും സംസ്കൃതത്തിലെ പദാവലി ഏറക്കുറെ മുഴുവനായും സ്വീകരിച്ചിട്ടുണ്ട്, സംസ്കൃതസാഹിത്യം വിവർത്തനങ്ങളിലൂടെ സ്വാംശീകരിച്ചിട്ടുമുണ്ട്, അതിനാൽ പ്രാദേശിക ഭാഷാപാണ്ഡിത്യത്തിന് സംസ്കൃതപരിജ്ഞാനം അനുപേക്ഷണീയമായിരിക്കുന്നു. പ്രാദേശികഭാഷയിൽ എഴുതുന്നവർക്കാകട്ടെ സംസ്കൃതപരിജ്ഞാനമില്ലാതെ ഒരിക്കലും പദസ്ഥൈര്യമോ തജ്ജന്യമായ ആത്മവിശ്വാസമോ കൈവരികയുമില്ല. പ്രാദേശികഭാഷയിലുള്ള അവഗാഹം വർധിപ്പിക്കുകയാണ് സംസ്കൃതാധ്യയനത്തിന്റെ മുഖ്യലക്ഷ്യമെങ്കിൽ, പ്രാദേശികഭാഷാപഠനവുമായി ഉദ്ഗ്രഥിച്ചായിരിക്കണം സംസ്കൃതപഠനമെന്ന് അനുക്തസിദ്ധമാകുന്നു. പ്രാദേശികഭാഷകളുമായി ഇണക്കിയാണ് സംസ്കൃതം പഴയ കാലത്ത് നമ്മുടെ നാട്ടിൽ പഠിപ്പിച്ചു വന്നത്. അന്വയം, അന്വയാർഥം, പരിഭാഷ, വിഗ്രഹം എന്ന പഴയ പഠനക്രമം ശാസ്ത്രീയമായ ഉദ്ഗ്രഥിതപഠനത്തിന്റെ ശരിയായ രൂപമത്രേ. ഇങ്ങിനെ പ്രാദേശികഭാഷകളുമായി ഉദ്ഗ്രഥിച്ച് സംസ്കൃതപാഠപദ്ധതി നവീകരിക്കേണ്ടതിന്റെ ആവശ്യം ഇന്ത്യാഗവണ്മെണ്ട് നിയമിച്ച സംസ്കൃതക്കമ്മീഷൻ ഊന്നി പറഞ്ഞിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ സംസ്കൃതപാഠപുസ്തകങ്ങളിൽ ലളിത മണിപ്രവാളപദ്യങ്ങൾ കൂടെ ഉൾപ്പെടുത്തുക, മലയാളലിപിയിൽ സംസ്കൃതമെഴുതാൻ വിദ്യാർഥികളെ അനുവദിക്കുക, പാഠ്യഭാഗങ്ങളുടെ അർഥവിവരണവും മററും മലയാളത്തിലെഴുതാനാവശ്യപ്പെടുക—ഇങ്ങിനെ മലയാളപഠനവുമായി സംസ്കൃതപഠനം ഉദ്ഗ്രഥിക്കാവുന്നതും ഉദ്ഗ്രഥിക്കേണ്ടതുമാണ്. പരീക്ഷക്കു ചോദ്യങ്ങൾ സംസ്കൃതത്തിലോ മലയാളത്തിലോ ആവാം, ഉപന്യാസ രീതിയിലുള്ള ഉത്തരങ്ങൾ മുഴുവൻ മലയാളത്തിൽ മതിയാവും. ഇങ്ങിനെ മലയാളവുമായി ഉദ്ഗ്രഥിച്ചു പഠിപ്പിച്ചാൽ സെക്കണ്ടറിസ്കൂളുകളിലെ സംസ്കൃതപഠനം ഇന്നത്തേക്കാൾ എത്രയോ കൂടുതൽ പ്രയോജനപ്രദമാവുമെന്നതിന്ന് യാതൊരു സംശയവുമില്ല. അറബിപഠനവും ഈ വിധത്തിൽ പ്രാദേശികഭാഷയുമായി ഉദ്ഗ്രഥിക്കാമോ എന്ന് പരീക്ഷിച്ചു നോക്കേണ്ടതാണ്. ഇതു സംബന്ധിച്ച് അറബിപണ്ഡിതന്മാരുടെ അഭിപ്രായമറിയാൻ എനിക്കാഗ്രഹമുണ്ട്.

## ഉപസംഹാരം

നമ്മുടെ സെക്കണ്ടറിസ്കൂളുകളിലുള്ള കണക്ക്, സയൻസ്, സാമൂഹ്യപാഠങ്ങൾ എന്നീ വിഷയങ്ങളുടെ പഠനത്തിന്റെ ലക്ഷ്യവും രൂപവും പുനർനിർണയിക്കുന്നതിന്ന് സ്വാഗതാർഹങ്ങളായ പല ശ്രമങ്ങളും അടുത്ത കാലത്ത് ഇവിടെ നടക്കുകയുണ്ടായി. ഇതേ തരത്തിൽ, സെക്കണ്ടറിതലത്തിൽ ഭാഷാപഠനത്തിന്റെ ലക്ഷ്യവും രൂപവും സംബന്ധിച്ച് ഒരു പുനരാലോചന എത്രയോ മുമ്പ് നടത്തേണ്ടതായിരുന്നു. അതിന്നിനി, ഏതായാലും, ഒട്ടും വൈകിച്ചുകൂടാ. ഈ കാര്യത്തിലേക്ക് കേരളത്തിലെ അധ്യാപകരിൽ ചിലരുടെയെങ്കിലും ശ്രദ്ധ ആകർഷിക്കാൻ ഈ പ്രസംഗം ഉതകിയിട്ടുണ്ടെങ്കിൽ എന്റെ ശ്രമം കൃതാർഥമായി.